Vol. 8 No. 4 April 2010

# Church Voice

Mateer Memorial Church Newsletter



## Church News
## March 2010

### 1. കുടിശ്ശിക ലിസ്റ്റ്

മേയ് മാസം 2-ാം തീയതി ത്രൈവാർഷിക ഡീഖൻ തെരഞ്ഞെടുപ്പ് നടക്കുകയാണ്. വോട്ടർമാരുടെ പട്ടിക ചർച്ച് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുടിശ്ശികയുള്ളവർ മാർച്ച് 31-ന് മുമ്പായി തീർക്കേണ്ടതാണ്. കരട് വോട്ടർ പട്ടിക ഏപ്രിൽ 4-ാം തീയതിയും, ഫൈനൽ വോട്ടർ പട്ടിക ഏപ്രിൽ 18-ാം തീയതിയും പ്രസിദ്ധീകരിക്കുന്നതാണ്.

### 2. അഭിനന്ദനങ്ങൾ

നമ്മുടെ സഭാംഗമായ ശ്രീമതി മോളി സ്റ്റാൻലി CSI Synod Working Committee അംഗമായി തെരഞ്ഞെടുക്കപ്പെട്ടു.

### 3. സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ 7-ാം വാർഷികം മാർച്ച് 21-ന് നടക്കുകയുണ്ടായി. അന്നേ ദിവസം നടന്ന എല്ലാ ആരാധനയ്ക്കും സംഘടനാ അംഗങ്ങൾ നേതൃത്വം നൽകി. വൈകുന്നേരം 4 മണിക്ക് നടന്ന വാർഷിക യോഗത്തിൽ 75 വയസ്സ് പൂർത്തിയാക്കിയ സഭാംഗങ്ങളേയും, കുടുംബജീവിതത്തിൽ പ്രവേശിച്ച് 50 വർഷം തികഞ്ഞ ദമ്പതിമാരേയും ആദരിച്ചു. ബിഷപ്പ് റവ.ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മുഖ്യാതിഥിയായിരുന്നു. സെക്രട്ടറി.Y. ക്രിസ്തുദാസ് റിപ്പോർട്ട് അവതരിപ്പിച്ചു.

### 4. ചർച്ച് ക്വയർ ഭാരവാഹികൾ - 2010

ഡോ.ഒളിവർ റോബർട്ട്സൺ (വൈസ് പ്രസിഡന്റ്), സ്റ്റാൻലി വിൽസൺ (സെക്രട്ടറി), ജലജ എഡ്വിൻ (ജോയിന്റ് സെക്രട്ടറി), ക്രിസ്റ്റഫർ റോസ് (അക്കൗണ്ടന്റ്), എസ്.ആർ.കെ. റസാലം (ഓഡിറ്റർ), ബിന്ദു സാബു (മാര്യേജ് ക്വയർ കൺവീനർ), ജയസോളമൻ, അജയ് പ്രശാന്ത് (വെൽഫയർ സെക്രട്ടറിമാർ), വിവേക് ലിവിങ്ങ്സ്റ്റൺ (ജൂനിയർ ക്വയർ ലീഡർ).



**Stanley Wilson**
**Choir Secretary**

### 5. VBS - 2010

ഏപ്രിൽ 3 മുതൽ 15 വരെ ഈ വർഷത്തെ വി.ബി.എസ് നടക്കുകയാണ്. ചിന്താവിഷയം : "യേശു നമ്മുടെ സ്നേഹിതൻ" രജിസ്ട്രേഷൻ ഫീസ് : 50 രൂപ

### 6. Childrens Camp - 2010

ഏപ്രിൽ 26 മുതൽ 28 വരെ കുട്ടികളുടെ ക്യാമ്പ് നാലാഞ്ചിറ മാർഗ്രിഗോറിയസ് റിന്യൂവൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. 'യേശുവെപ്പോലെ വളരുക' എന്നതാണ് ചിന്താവിഷയം. രജിസ്ട്രേഷൻ ഫീസ് 400 രൂപ (താമസവും ഭക്ഷണവും ഉൾപ്പെടെ) അന്വേഷണങ്ങൾക്ക് : 9446749621, 9446535957

## ചരമ അറിയിപ്പ്

### 1. പി. ടൈറ്റസ്

നന്തൻകോട് വൈ.എം.ആർ മുല്ലശ്ശേരി ലെയിൻ ടി.സി. 11/1902 മുല്ലശ്ശേരി വീട്ടിൽ പി. ടൈറ്റസ് (80) മാർച്ച് 13-ാം തീയതി നിര്യാതനായി. ഭാര്യ: പരേതയായ ഡെയ്സി.

# Church Voice

**APRIL 2010**

**EDITORIAL BOARD**

**Chief Editor**

Rev. Dr. L.E. Sahanam

**Editor**

R. Sajan Samson

Rev. J. Walsalam

Rev. K. Isaac Paul Singh

Dr. Samson Nessiah

Noble Albin

Immanuel Henry

Christenson E. Sarasam

Bejoy Peter

E. Manoj Kumar

Sabu S. Rajan



**Address:**

The Editor

Church Voice

M.M.Church

LMS Compound

Trivandrum - 695 033

Phone: 2311347

Articles/ feedback may be sent to:

**churchvoice@gmail.com**

**before 15th of every month**



Church Voice can be read online at our website,

www.mateermemorialchurch.com


# CSI MATEER MEMORIAL CHURCH

## Regular Weekly Programme

Morning Worship (Monday to Saturday) 7.00 a.m

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCEF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Teens Bible Hour | 03.00 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. Dr. L.E. Sahanam (*President*) | 2724658 | 9497160876 |
| Rev. J. Walsalam (*Presbyter*) | 2316544 | 9496100594 |
| Rev. K. Isaac Paul Singh (*Presbyter*) | 2316644 | 9446749621 |
| Dr. Samson Nessiah (*Secretary*) | 2334036 | 9447126931 |
| Mr. Noble Albin (*Accountant*) | 2319303 | |
| Mr. Immanuel Henry | 2722202 | 9447021212 |
| Mr. Y. Christu Das | 2318213 | 9895114633 |
| Er. S. R. K. Rasalam | 2317419 | |
| Mr. R. E. S. Robert Singh | 2436338 | 9447888533 |
| Mr. K. Hudson | 2355229 | |
| Mr. R. Sajan Samson | 2555013 | 9447153170 |
| Adv. Sarjine Thomas | 2435142 | 9847104775 |
| Mrs. Seleena Bai Johnson | 2726757 | |
| Mrs. Grisilda Wills | 2313467 | |
| Dr. John Sajit Edwin | 2326839 | 9847040490 |
| **Church Office** | **2311347** | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst) | | 9447525339 |

# Theme of the Year: Equipping God’s people for Christian Ministry



**ഈ മാസത്തെ കൂറിവാക്യം**

അങ്ങനെ ജനം മനപ്പൂർവ്വമായി കൊടുത്തതുകൊണ്ട് അവർ സന്തോഷിച്ചു. ഏകാഗ്ര ഹൃദയത്തോടെ മനപ്പൂർവ്വമായിട്ടായിരുന്നു അവർ യഹോവക്ക് കൊടുത്തതു. ദാവീദു രാജാവും അത്യന്തം സന്തോഷിച്ചു. (1 ദിനവൃത്താന്തം 29.9)

**The people rejoiced at the willing response of their leaders, for they had given freely and wholeheartedly to the Lord. David the king also rejoiced greatly. (1 Chronicles 29:9)**

One of the major themes in the Book of Chronicles is the building of the temple of the Lord and raising contributions towards the building project. It was a great desire of King David to build a Temple of worship for God who raised him from the life of a village shepherd boy to the position of a king and led him all through his life. But it was not in God’s plan that David should build the temple; on the other hand God wanted Solomon to build the temple [1 Chr 17:4-12]. At the same time God allowed David to raise funds and materials for the construction of the temple. We read extensively about David’s initiative to raise resources for the construction [1 Chr 28-29]. David himself contributed a great deal. Every one, both Israelites and others contributed towards the construction project. We observe that every one gave willingly and not by compulsion. Everyone was sure that it was God who led them and provided them everything they needed. They felt that it was obligatory on their part that they contribute willingly for the building up of the temple. David was pleased that every one gave voluntarily. That feeling David expresses in the memory verse for this month.

**Passion Week**

The month of April is significant in several ways. The month starts with Passion Week. Let us hope the Passion Week and its observance will help us to examine our life. This year the passion week meditations are being led by the Rev. Dr. Roice Manoj. He is an ordained minister of the North Kerala Diocese of the CSI and teaches at the Kerala United Theological Seminary. Hope the meditations will inspire our life.

**Protestant Mission**

April 25th 1806 is the day in which Ringeltaube the LMS missionary crossed the eastern ghat border and reached Mylady and marked the beginning of Protestant mission in South Travancore. We take pride of the fact that it was the protestant mission that transformed us into a people. Let us remember the people who have inspired and transformed us and commit our life to continue the ministry that was begun by our missionaries.

**Mark the Evangelist**

Mark the Evangelist who is the author of the Gospel of Mark, is the disciple and Apostle of Jesus Christ and interpreter of Simon Peter. Tradition identifies him with John Mark mentioned as a companion of Saint Paul in Acts, who later become a disciple of Saint Peter. About 10 to 20 years after the ascension of Christ, Saint Mark traveled to Alexandria and formed what is now known as the Coptic Orthodox Church. Aspects of the Coptic liturgy can be traced back to Saint Mark. He became its first bishop and founder of Christianity in Africa. It is believed that he died on 25 April 68 A D, in the eighth year of Nero and was buried in Alexandria. 25th April is observed as the day of St. Mark. Let us thank God for this great apostle and his contributions to the body of Christ.

**Election To The Pastorate Committee Of The Triennium 2010-2013**

The election process to the next triennium 2010 to 2013 already begun. The first thing to do is to clear all the dues. Therefore, whether your name figures in the tentative list that is

displayed or not kindly clear all your dues before 5.00.p.m. on 31st March 2010. Even if your name is omitted on some reason or by mistake they can be included provided you have cleared all your dues. Therefore, make sure that you clear all your dues before 31st March.
Important dates and time to note:

**Date of election 02-05-2010 immediately after the 8.00.am service**

Date to clear dues കുടിശ്ശിഖ തീർക്കേണ്ട അവസാന ദിവസം 31-03-2010 5.00 p.m.
Publishing of Tentative Voters list കരട് വോട്ടർ പട്ടിക 04-04-2010 5.00 p.m.
Last date to receive complaints ആക്ഷേപം സ്വീകരിക്കുന്ന അവസാന ദിവസം 11-04-2010 5.00 p.m.
Publishing of Final voters list ഫൈനൽ വോട്ടർ പട്ടിക 18-04-2010 5.00 p.m.
Filing of nomination papers opens നാമനിർദ്ദേശ പത്രിക സ്വീകരിച്ചു തുടങ്ങുന്നു 23-04-2010 5.00 p.m.
Closing of nominations നാമനിർദ്ദേശം സമർപ്പിക്കേണ്ട അവസാന ദിവസം 25-04-2010 2.00 p.m.
Publishing of tentative nominations കരടു സ്ഥാനാർത്ഥി പട്ടിക 25-04-2010 5.00 p.m.
Date and time to withdraw nominations പത്രിക പിൻവലിക്കേണ്ട അവസാന ദിവസം 26-04-10 3.00 p.m.
Final list of candidates ഫൈനൽ സ്ഥാനാർത്ഥി പട്ടിക 26-04-2010 5.00 p.m.
Date of election തെരഞ്ഞെടുപ്പ് 02-05-2010 [after 8.a.m. service. 8.00 മണി ആരാധനയ്ക്കു ശേഷം]
First committee meeting ആദ്യ കമ്മറ്റി യോഗം [tentative] 02-05-2010 at 6.30 p.m.

**Campus Beautification**

The campus beautification programme is progressing well. Sorry for the inconveniences caused due to the work. It may continue for a few more weeks. Please keep this work in your prayers and encourage those who are involved in the work with your contributions of ideas and finances.

**New Financial year**

April marks the beginning of another financial year. New budget proposal comes into force. Therefore, it is the time to plan for all our Christian giving too. As the prices of essential commodities are increasing most of us think of ways and means to make both ends meet. But at least for a good number of people in our congregation it does not matter much because God has blessed them abundantly.

As I mentioned in my previous letter the monthly giving of several members are very disheartening. Let us not try to rob off God. Jesus also said Give to Caesar what is Caesar's, and to God what is God's. Let us give to God his due share. Therefore, when you get the new monthly covers in April say a thankful prayer to God for all his blessings in the last year and pledge what God inspires in your mind.

More over, if you want to be part of the Church's administration, one of the necessary conditions is to become a voting member of the Church. So. begin to pay at least 1% of your income from this April and become an active supporter of the ministry of your Church and qualify as a voting member at least in 2013-17.

**VBS (Vacation Bible School)**

This year the VBS starts from 3rd April. Vacation is an opportunity for various summer programmes for our children. So the temptation is to get them involved in as many programs as possible and as a result often neglect or ignore the VBS. It is good that the children should make the best use of all the possibilities. But if they earn the whole world and lose their life what's the use? Jesus once asked What good is it for a man to gain the whole world, and yet lose or forfeit his very self ? [Luke 9:25] So give VBS its due share and send your children to VBS.

**Youth Worship**

The response for the first youth worship in March was very good. Many people appreciated the effort and gave words of encouragement. Several people also pointed out areas we

may need to improve. The youth has decided to continue the worship in every month. The next service should come on April 4th. . Since April first Sunday is Easter Sunday and the choir has already planned for a song service at the same time the youth service is postponed to the second Sunday in April. So the service will be on 11th April at 6 .00 p.m. Kindly encourage all the youth in your family to participate.

**Confirmation Classes**

The next session of the confirmation classes starts from the 18th of April. This time the classes will be held on Sundays between 4.15 and 5.15 p.m. Teens from age 15 are eligible to attend. Parents who are interested to send their children or others who are interested are requested to fill in the necessary forms and register your names in the Church office.

**Summer School of Music**

This year the Summer school of Music starts from the 16th of June and will close by the 6th May. Our Church and our music leaders were in the forefront in promoting Church music in the city. Summer School of Music was one occasion used to be a good occasion to learn Church Music. Apart from promoting music it also provides opportunity for building up ecumenical relationships. Therefore, encourage all those who are interested in church music especially those who are in the junior choir to take special effort to make use of this opportunity.

**Self Denial Covers**

Lent season is a time for self disciple and self giving. I am sure many of you are observing lent and keeping a portion of your income apart as self denial. As you are aware the amount collected through Self Denial covers are used to support the various mission field of our diocese. The diocese is supporting more than 300 missionaries in our country. Therefore, kindly use the self denial covers and support the mission projects of our diocese.

Wishing you all a happy time of Easter.

കർത്താവിൽ നിങ്ങളുടെ

**സഹനം അച്ചൻ**

# പ്രതിവാര ധ്യാനം

## ഏപ്രിൽ 2010

**ഏപ്രിൽ 4, 2010 ഈസ്റ്റർ**

**വിഷയം: ക്രിസ്തുവിന്റെ ഉയിർപ്പ് - രക്ഷയുടെ ആഘോഷം**

പുറ.14:5-30, സങ്കീ.118:13-29, കൊലോ.3:1-11, മത്താ.28:1-10

**ഏപ്രിൽ 11, 2010 രണ്ടാം ഞായർ**

**വിഷയം: ക്രിസ്തുവിനെ കർത്താവായി അംഗീകരിക്കുന്നത്**

സെഫന്യ.3:14-20, സങ്കീ.27, കൊരി.15:1-9, യോഹ.20:19-29

**ഏപ്രിൽ 18, 2010 മൂന്നാം ഞായർ**

**വിഷയം: ക്രിസ്തുവിനോട് കൂടെ യാത്ര**

പുറ.13:17-22, സങ്കീ.91, എബ്രാ.11:1-12, ലൂക്കോ.24:13-25

**ഏപ്രിൽ 25, 2010 നാലാം ഞായർ**

**വിഷയം: അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേയ്ക്ക്**

യെശ.60:19-22, സങ്കീ.43, 1 യോഹ.1:1-10, യോഹ.8:12-20

## Secretary Writes



Dear friends in Christ,

The hottest days of the year have been haunting us; but His grace was sufficient to sustain us through. Most of our children are enjoying their annual holidays. See that these days are spent in useful recreations!

The Vacation Bible School in our Church is scheduled to start on the 3rd of April. It is the duty of the parents to make sure that their wards utilize the V.B.S. classes. Another useful programme from the 16th of April is the "Albert Joseph Memorial Summer School of Church Music". Mr. Jayakumar Alfred has agreed to be the Chief Co-ordinator for the same. Children and adults interested in music are requested not to miss this golden opportunity!

As informed earlier, the data entry for computerization of Church office is progressing. Similarly, Church Campus beautification is also steadily progressing. Lots of technical aspects have to be looked into.

The seventh anniversary of 'Senior Citizens Fellowship' was conducted on 21.03.2010. Elders who completed seventy years of age and couples who completed golden jubilee of their married life were felicitated.

Mr. Robert Singh has been nominated as the project convener for the new mission field at Manikanteswaram and we hope, within a short period, a new Church will be established there.

Mr. Bennet Thompson has been requested to improve the public address system in the T.J.M. Hall.

Permanent membership in our church has been accorded to Mr. Thankadorai, TC 24/500-1, Thycaud, Trivandrum-4, Mr. Antony Sundar Raj, TARA 216, Thampuranmukku, Vanchiyoor and Mrs. Gladys Satyanesan, Flat No. 1, "Maithri", Kavu Road, Kuravankonam, Trivandrum – 3. Let us gladly welcome them and their families to our fellowship.

Our best wishes and congratulations to Mrs. Molly Stanley who has been elected as C.S.I Synod working committee member.

**Medical Aid:**

| | | | |
|---|---|---|---|
| Rajagopal | Lenin Nagar | - | Rs. 250/- |
| Appukuttan | Panacode | - | Rs.1,000/- |
| Gopika | Prasanth Nagar | - | Rs.1,000/- |

**Marriage Aid:**

| | | | |
|---|---|---|---|
| Ranjusha | Malayam | - | Rs.1,000/- |
| Reena | Perukavu | - | Rs.1,000/- |

May God console the members of the bereaved family of Mr. Titus at Kuravankonam.

Wishing you all a happy Easter!

M.M.Church
19-03-2010

**Dr. Samson Nessiah**
Church Secretary

റവ. ഡോ.ജി.ശോഭനം

# ക്രിസ്തുവിന്റെ ഉയിർപ്പ് : രക്ഷയുടെ ആഘോഷം

## (Christ's Resurrection - Celebration of Salvation)

പുറ.14:5-30, സങ്കീ.118:14-18, കൊലൊ.3:1-11, മത്താ.28:1-10

**"കർത്താവേ, അങ്ങയുടെ മരണം ഞങ്ങൾ കൊണ്ടാടുന്നു. അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റു പറയുന്നു. അങ്ങയുടെ രണ്ടാമത്തെ വരവ് ഞങ്ങൾ കാത്തിരിക്കുന്നു. അങ്ങേക്ക് മഹത്വമുണ്ടാകട്ടെ."** വിടുതലും വീണ്ടെടുപ്പും (deliverance & redemption) രക്ഷയുടെ രണ്ട് പ്രധാന ഘടകങ്ങളാണല്ലോ. ഇതിനായി ദൈവ ഭാഗത്ത് വേദനയും ത്യാഗവും സ്വയം ശൂന്യവത്കരണവും നിര്യാണവും ആവശ്യമായി വരുന്നു എങ്കിലും തത്ഫലമായുണ്ടായ വിടുതലും വീണ്ടെടുപ്പും മനുഷ്യ ഭാഗത്ത് ആഹ്ലാദവും ആഘോഷഹേതുവും ആയിത്തീരുന്നു. ക്രിസ്തുവിന്റെ നിര്യാണവും ഉയിർപ്പും അങ്ങനെയാണ് കൊണ്ടാടാനുള്ള, ആഘോഷിക്കാനുള്ള സംഭവം (event) ആകുന്നത്.

ഈ സംഭവത്തെ മനുഷ്യർ രണ്ട് വിധത്തിലാണ് സമീപിച്ചു കാണുന്നത്. ഒന്ന്, വ്യക്തിഗത അനുഭവമാക്കാതെയുള്ള രക്ഷയുടെ ആഘോഷം. രണ്ട്, വ്യക്തിഗത അനുഭവമാക്കിക്കൊണ്ടുള്ള രക്ഷയുടെ ആഘോഷം. ഉയിർപ്പിന്റെ ആഘോഷം ഇന്ന് ബാഹ്യാഘോഷങ്ങൾക്ക് പ്രാധാന്യം നൽകുന്നതാകയാൽ അത് വ്യക്തിഗത അനുഭവമാകാതെ ഒരു തരം ഉപരിതല സാമൂഹിക ആഘോഷമായി മാറിപ്പോയിരിക്കുന്നു. വിശ്വാസിയുടെ അനുഭവതലത്തിലാകുമ്പോഴാണ് ഉയിർപ്പ് രക്ഷയുടെ യഥാർത്ഥ ആഘോഷമാകുന്നത്. ഇതിനെ സംബന്ധിക്കുന്ന ചില വെളിപ്പെടുത്തലുകൾ പാഠഭാഗങ്ങളെ ആസ്പദമാക്കി പരിശോധിക്കാം.

**1. ക്രിസ്തുവുമായുള്ള ബന്ധം നിലനിർത്താൻ നിർബ്ബന്ധബുദ്ധി കാട്ടുന്നവർക്കാണ് ഉയിർപ്പ് രക്ഷയുടെ ആഘോഷമാകുന്നത് (മത്താ. 28:1-8).**

ക്രിസ്തുവുമായുള്ള ബന്ധം അനുയായികൾക്കെല്ലാവർക്കും ഒരു ദൃഢബന്ധമായിരുന്നില്ല. പലർക്കും അതൊരു സൗകര്യാർത്ഥബന്ധം (relationship for convenience) ആയിരുന്നു. ഒരു ക്രിസ്തവബോധത്തിൽ നിന്നേ യഥാർത്ഥ ബന്ധം സ്ഥാപിക്കാനും നിലനിർത്താനും സാധിക്കുകയുള്ളൂ. ശിഷ്യരിലാർക്കും ഈ അവബോധം നിലനിർത്താൻ കഴിയാത്തതിനാലാണ് യേശുവിന്റെ നിര്യാണം അവർക്ക് ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ അവസാനമായി ഭവിക്കുന്നത്. പൊതുജനത്തിന്റെയും അവസ്ഥ ഇതു തന്നെയായിരുന്നു. "ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്ന് ആശിച്ചിരുന്നു" (ലൂക്കോ.24:21) എന്ന ക്ലെയൊപ്പാവിന്റെയും കൂട്ടുകാരന്റെയും വാക്കുകൾ ഇതിന് തെളിവാകുന്നു.

എന്നാൽ, മഗ്ദലക്കാരത്തി മറിയയുടെയും മറ്റെ മറിയയുടെയും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം രാവിലെയുള്ള കല്ലറ സന്ദർശനം ക്രിസ്തവബോധത്തിന്റെ - ക്രിസ്തു ദൈവമാണ് എന്ന ബോധ്യത്തിന്റെ - തെളിവായിത്തന്നെ കാണേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പ് വർത്തമാനം അറിയിച്ച ദൂതന്റെ വാക്കുകൾ അവർക്ക് ഭയത്തോടൊപ്പം മഹാസന്തോഷം ഉളവാക്കുന്നത് ഇതിനാലാണ്. ക്രിസ്തു ദൈവമാണെന്നുള്ള ബോധവും അതിന്റെ വ്യക്തിഗത അനുഭവവും (personal experience) നൽകുന്ന ആഹ്ലാദവുമാണ് രക്ഷയുടെ ആഘോഷമാകുന്നത്. യോഹന്നാൻ എഴുതിയ സുവിശേഷം 20:11

മുതലുള്ള ഭാഗത്ത് യേശുവിന്റെ ഭൗതിക ശരീരം കാണുന്നതിനുള്ള നിർബ്ബന്ധം മറിയയെ ഉയിർത്ത കർത്താവിനെ ദർശിച്ച ആദ്യ വനിത എന്ന പദവിയിലേക്ക് നയിക്കുന്നത് ഈ ബന്ധത്താലാണ്. ഈ ഒരു അനുഭവതലത്തിൽ എത്താതിരിക്കുന്നതിനാലാണ് ഉയിർത്ത കർത്താവിന് അകന്നു പോയ ശിഷ്യരെ വീണ്ടും കൂട്ടിച്ചേർക്കേണ്ടിവരുന്നത്.

**2. അന്യവൽക്കരിക്കപ്പെട്ട ശിഷ്യരെ തിരികെ ചേർക്കുന്നു എന്നതിനാൽ ഉയിർപ്പ് രക്ഷയുടെ ആഘോഷമാകുന്നു (മത്താ.28:9–10).**

മറ്റു സുവിശേഷകന്മാർ രേഖപ്പെടുത്തും പ്രകാരം, യേശുവിന്റെ ശരീരം കാണാൻ കഴിയാതെ വന്നപ്പോൾ ശിഷ്യന്മാർ മടങ്ങിപ്പോയി. മരണത്തിന് അടക്കിവയ്ക്കാൻ കഴിയാത്ത ദൈവമാണ് തങ്ങൾ അനുഗമിച്ചിരുന്ന യേശു എന്നത് അവരുടെ വിശ്വാസമായിക്കഴിഞ്ഞിരുന്നില്ല. അതുകൊണ്ട്, ശിഷ്യരെ ഈ ഒരു വിശ്വാസത്തിൽ ഉറപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നു. അതിനാലാണ് ഉയിർത്ത യേശു പല സന്ദർഭങ്ങളിലായി ശിഷ്യരെ സന്ദർശിക്കുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ദൈവരാജ്യസംസ്ഥാപനത്തിന്റെയും വർദ്ധനയുടെയും ശുശ്രൂഷയ്ക്കായി അവരെ നിയോഗിക്കുകയും ചെയ്യുന്നത്. ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളികളാകുന്നതിലൂടെ മാത്രമേ ഇതിന് സാധിക്കുകയുള്ളൂ. കൊലൊ.3:1–5. “നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.” ഈ മരണം “ഭൂമിയിലുള്ള അവയവങ്ങളുടെ മരിപ്പിക്കൽ” ആണ് എന്ന് അപ്പോസ്തലൻ പറയുന്നു. അവയുടെ പട്ടിക വാക്യം 5-ൽ വിവരിക്കുന്നു. ദൈവത്തിൽ മറഞ്ഞിരിക്കുന്ന അവസ്ഥയാണ് അന്യവത്കരിക്കപ്പെട്ടവർ തിരികെ ചേരുന്ന അവസ്ഥ. ദൈവമാണ് മനുഷ്യന്റെ അവശ്യസത്ത (essential being). ഇതിൽ നിന്നുള്ള അന്യവത്കരണമാണ് പാപം. പാപാവസ്ഥയിലും, ദൈവത്തിന്റെ മൃതാവസ്ഥയിലും സൃഷ്ടിക്ക് ആഹ്ലാദിക്കാൻ കഴിയുകയില്ല. മൃതാവസ്ഥയിൽ ദൈവത്തിന് രക്ഷിക്കാനും കഴിയുകയില്ല. അതിനാലാണ് ഉയിർപ്പ് (ജീവനുള്ള ദൈവം) ആഘോഷ ഹേതുവാകുന്നത്.

യിസ്രായേൽ ജനം തങ്ങളുടെ അവശ്യസത്തയോടു ചേർന്നു നിൽക്കുമ്പോൾ ഫറവോൻ അന്യവത്കരിക്കപ്പെട്ട അവസ്ഥയിലായിരിക്കുന്നു. അവശ്യസത്തയോട് ചേർന്ന് നിൽക്കുന്നവർ രക്ഷിക്കപ്പെടുകയും അല്ലാതുള്ളവർക്ക് നാശം സംഭവിക്കുകയും ചെയ്യുന്നു. (പുറപ്പാട്.14:5–30) ഫറവോനോട്, ദൈവത്തിൽ ചേർന്നിരിക്കാനുള്ള ആഹ്വാനമാണ് ഉയിർപ്പ് നൽകുന്നത്.

നാമിന്ന് ഉയിർപ്പ് ആഘോഷിക്കുമ്പോൾ ദൈവത്തിൽ നിന്ന് എത്രയോ അകലെയാണ്. ഈസ്റ്റർ റാലിയും, സമൃദ്ധമായ ഈസ്റ്റർ ഭോജനവും, ഇതര മതസ്ഥരുടെ മുന്നിൽ കാട്ടുന്ന ഈസ്റ്റർ പെരുമയും അല്ലാതുള്ള ഒരു ഈസ്റ്ററിനെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ? അത്തരമൊരു ഈസ്റ്റർ നാമും ഉയിർത്ത കർത്താവുമായുള്ള വ്യക്തി ബന്ധത്തിലാരംഭിച്ച്, ക്രിസ്തുവിന്റെ രക്ഷണ്യപദ്ധതിയിൽ പങ്കാളികളാകുന്നതിലൂടെ വികാസം പ്രാപിച്ച്, ക്രിസ്തുവിന്റെ കഷ്ടപ്പാടിലും നിര്യാണത്തിലും ഉയിർപ്പിലും കൂടെ പരിണാമം പ്രാപിക്കുന്ന ഒരു ആഘോഷമാണ് (celebration). *

One trouble with the churches is that too many people want to have Easter without Calvary.

- **Lawrence Pearsall Jacks**

The Easter message tells us that our enemies, sin, the curse and death, are beaten. Ultimately they can no longer start mischief. They still behave as though the game were not decided, the battle not fought; we must still reckon with them, but fundamentally we must cease to fear them any more.

- **Karl Barth**

ലേഖനം

# ഉയിർപ്പിൻ സന്ദേശം

**ഡോ: വില്യം ജോൺ**

ഉയിർത്തെഴുന്നേറ്റ കർത്താവ് ലോക ചരിത്രത്തെ കീഴ്മേൽ മറിച്ചവനാണ്. കാലത്തിന്റെ ചരിത്രത്തെ രണ്ടായി വിഭാഗിച്ച് അതിന്റെ മദ്ധ്യേ നിൽക്കുന്നവനാണ്. ഇന്നു വരെ ലോകത്തിലെ മറ്റെല്ലാ മഹാന്മാരുടെയും കല്ലറകൾ അടഞ്ഞു കിടക്കുമ്പോൾ നസറായനായ യേശുവിന് മാത്രമാണ് ഒരു തുറക്കപ്പെട്ട കല്ലറ അവകാശപ്പെടുവാൻ കഴിയുന്നത്. യേശുവിന്റെ ക്രൂശീകരണത്തിന് കാരണക്കാരായ യേശുവിന്റെ ശത്രുക്കൾ യേശു ഉയിർത്തെഴുന്നേൽക്കും എന്നു കരുതി അതിനെ പ്രതിരോധിക്കാൻ പദ്ധതികൾ ഒരുക്കി, ഒരു വലിയ പട്ടാളത്തെ കാവൽ നിർത്തി മുദ്ര വച്ച കല്ലറയെ കാത്തു സൂക്ഷിക്കാൻ ബദ്ധപ്പെടുമ്പോൾ മൂന്നരവർഷക്കാലം യേശുവിന്റെ നിഴൽ പോലെ നടന്ന് കർത്താവിൽ നിന്ന് പഠിക്കുകയും അനുഗ്രഹങ്ങളെ പ്രാപിക്കുകയും ചെയ്ത അനുയായികൾക്ക് യേശു ഉയിർത്തെഴുന്നേൽക്കും എന്ന് ചിന്തിക്കുവാൻ പോലും കഴിഞ്ഞില്ല. ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നവരായി അവർ മാറിപ്പോയി. യേശു പഠിപ്പിച്ച പാഠങ്ങൾ ഒന്നും അവർ ഓർത്തില്ല. (മത്തായി: 16:21) മറിയ യേശുവിനെ ഒരു തോട്ടക്കാരനായി കണ്ടപ്പോൾ (യോഹ:20:15) ശിഷ്യന്മാർക്ക് യേശു ഒരു ഭൂതം ആണെന്നാണ് തോന്നിയത് (ലൂക്കോസ്: 24:37). ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിട്ട് കണ്ടവർക്ക് യേശുവിനെ മനസ്സിലാകാതിരിക്കുമ്പോൾ യേശുവിന്റെ ഉപദേശം ശ്രദ്ധിക്കുക. “കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ”.

യേശുവിന്റെ പുനരുത്ഥാനത്തിന്റെ ആഴങ്ങൾ തേടുന്നവർ യേശുവിന്റെ കഷ്ടാനുഭവങ്ങളുടെയും ക്രൂശുമരണത്തിന്റെയും അനുഭവങ്ങളിലൂടെ കടന്നു പോകണം. യേശുവിന്റെ ക്രൂശുമരണം മനുഷ്യന്റെ പാപത്തിൽ നിന്നുള്ള മോചനം ആണെങ്കിൽ അവിടുത്തെ ഉയിർത്തെഴുന്നേൽപ്പ് ഒരു പുതിയ ജീവിതത്തിലേക്കുള്ള പ്രവേശനം ആണ്. പാപികളായ നമുക്ക് യേശുവിന്റെ തിരുരക്തത്തിലൂടെ പാപമോചനം ലഭിക്കുമ്പോൾ കർത്താവിന്റെ പുനരുത്ഥാനം നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു (1 കൊരി: 15:20-22). യേശു തന്റെ പരസ്യശുശ്രൂഷയിൽ പള്ളി പ്രമാണിയായിരുന്ന യായിറോസിന്റെ മകളെയും നയീനിലെ വിധവയുടെ മകനെയും ബേഥാന്യയിലെ ലാസറിനെയും ഉയിർപ്പിച്ച സംഭവങ്ങൾ നമുക്ക് അറിയാം. എന്നാൽ ജീവിതത്തിലേക്ക് മടങ്ങിവന്ന ഇവരൊക്കെ ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ വീണ്ടും മരിച്ചു. എന്നാൽ യേശുവിന്റെ മരണ പുനരുത്ഥാനത്തിലൂടെ മാനവരാശിക്ക് നൽകുന്ന ഉയിർപ്പ് കേവലം താൽക്കാലികമല്ല. മറിച്ച് അത് നിത്യമായിട്ടുള്ളതാണ്. അതെ - ജീവന്റെ അപ്പമായ ആ നല്ല ഇടയൻ നിത്യജീവനിലേക്കുള്ള വാതിലായി നിൽക്കുന്നു.

യേശുവിന്റെ മരണത്തിൽ നമ്മൾ പങ്കാളികളായതു പോലെ ഉയിർപ്പിലും പങ്കാളികളാകണം. ക്രൂശീകരണം ഇല്ലാതെ ഉയിർത്തെഴുന്നേൽപ്പ് അസാദ്ധ്യമാണ്. മണ്ണിലേയ്ക്ക് എറിയപ്പെടുന്ന വിത്ത് അത് ചീഞ്ഞു നശിക്കുമ്പോഴാണ് അതിൽ നിന്ന് ഒരു പുതിയ ജീവൻ പുറത്ത് വരുന്നത്. യേശു പറഞ്ഞുവല്ലോ ഗോതമ്പ്മണി നിലത്ത് വീണ് ചാകുമ്പോൾ മുളച്ച് വളർന്ന് ഫലം കൊടുക്കും എന്ന് (യോഹ: 12:24). അതു കൊണ്ട് ഓരോ മനുഷ്യനും നിലത്ത് വീണ് ചാകണം അഥവാ യേശുവിനായി ക്രൂശിക്കപ്പെടണം. വി. പൗലോസ് ഗലാത്യസഭയ്ക്ക് അത് വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. “ക്രിസ്തു

യേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടി ക്രൂശിച്ചിരിക്കുന്നു" (ഗലാത്യർ 5:24). ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ ക്രൂശിക്കണം എന്നല്ല മറിച്ച് ക്രൂശിക്ക പ്പെട്ടു കഴിയുമ്പോൾ മാത്രമേ യേശു ക്രിസ്തുവിനുള്ളവർ ആകുകയുള്ളൂ. ക്രൂശിക്കപ്പെട്ടവർക്ക് മാത്രമേ പുനരുത്ഥാനത്തിന് യോഗ്യതയുള്ളൂ. നമ്മൾ യേശുവിനായി ക്രൂശിക്കപ്പെട്ടവരാണോ? യേശു തന്റെ ജീവിതത്തെ - തന്റെ മാംസത്തെയും രക്തത്തെയും ഈ ലോകത്തിനായി പങ്ക് വച്ച് നൽകിയത് പോലെ നമ്മെയും നമുക്കുള്ളതിനെയും മറ്റുള്ളവർക്കായി പങ്ക് വയ്ക്കുവാൻ കഴിയുമോ? വിശക്കുന്നവന് അപ്പമായും ദാഹിക്കുന്നവന് നീരൊഴുക്കായും രോഗിക്കും അനാഥനും ആശ്വാസമായും മാറുവാൻ നമുക്ക് സാധിക്കുമ്പോൾ, നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന് വിളിച്ച് നമ്മെ നിത്യസന്തോഷത്തിലേക്ക് പ്രവേശിപ്പിക്കും. അവിടെയാണ് ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കുവാൻ കഴിയുന്നത്.

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് നമ്മുടെ വിശ്വാസത്താൽ പൂർത്തീകരണമാണ്. സംശയത്തോടെ അറച്ച് നിന്ന തോമസിനെ വിശ്വാസത്തിന്റെ പാതയിൽ കൊണ്ടു വന്ന കർത്താവ് ഇന്ന് നമ്മളെയും അന്വേഷിക്കുകയാണ്. ദൈവത്തിന്റെ മഹത്വം ദർശിക്കുവാനായി വിശ്വാസത്തിന്റെ പൂർണ്ണതയിൽ നമ്മൾ എത്തുവാൻ ദൈവം അനുഗ്രഹിക്കുന്നു. "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം" (1 കൊരി: 15:17) എന്ന പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കണം. വ്യർത്ഥമായ വിശ്വാസത്തിൽ ജീവിക്കരുത്. കർത്താവിന്റെ സംരക്ഷണയിൽ സംശയിക്കരുത്. ലോകാവസാനത്തോളം എല്ലാ നാളും നമ്മോട് കൂടെയുള്ള യേശുവിനെ കർത്താവും ദൈവവും ആയി സ്വീകരിച്ച് അവിടുത്തെ മരണ പുനരുത്ഥാനങ്ങളിൽ പങ്കാളികളാവുക.

സകല ജാതികളെയും ശിഷ്യരാക്കുവാൻ (മത്തായി: 28:20) ഉയിർത്തെഴുന്നേറ്റ യേശു നൽകുന്ന മഹാനിയോഗം ശിരസ്സാവഹിക്കുവാൻ ഉള്ളവരാണ് നമ്മൾ. ഭൂമിയുടെ അറ്റത്തോളം സാക്ഷികൾ ആകുവാനുള്ള അന്ത്യവാക്കുകൾ മറക്കരുത് (അപ്പോ.പ്ര: 1:8). ഉയിർപ്പിന്റെ സന്തോഷം പൂർണ്ണമാകുന്നത് ഉയിർത്തെഴുന്നേറ്റ കർത്താവിനെ പൂർണ്ണമായി അനുസരിക്കുമ്പോഴാണ്. അങ്ങനെ ഉയിർത്തെഴുന്നേറ്റ കർത്താവിനെ പ്രസാദിപ്പിക്കുവാനും ഉയിർപ്പിന്റെ സന്തോഷം നമുക്ക് സ്വന്തമാക്കുവാനും സാധിക്കും. അതിന് ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ സഹായിക്കട്ടെ!

ഏവർക്കും ഉയിർപ്പിൻ മംഗളാശംസകൾ.

Jesus Christ's coming again for judgment, his ultimate and universal manifestation is often described in the New Testament as *the* revelation. He will be revealed, not only to the Church but to everyone, as the Person he is. He will not only then be the judge, he is that already; but then for the first time it will become visible, that it is not a question of our Yes and No, our faith or lack of faith. In full clarity and publicity the 'it is finished' will come to light. For that the Church is waiting; and without knowing it the world is waiting too...

In the biblical world of thought the judge is not primarily the one who rewards some and punishes others; he is the man who creates order and restores what has been destroyed. - **Karl Barth**

# "ഞാൻ വീണ്ടും വന്ന് നിങ്ങളെ ചേർത്ത് കൊള്ളും"

ദിവസവും രാവിലെ ഞങ്ങൾ താമസിക്കുന്ന അപ്പാർട്ട്മെന്റിന്റെ കോണിപ്പടികളിറങ്ങി മൂന്ന് വയസ്സ് പ്രായമുള്ള ഹാരിഷ് പിതാവിന്റെ കൈയും പിടിച്ച് വരാറുണ്ട്. പടിക്കെട്ടിന്റെ അവസാനത്തിലെത്തുമ്പോൾ അവൻ മുകളിലേക്ക് നോക്കുകയും കൈവീശി അമ്മയോട്, "ടാറ്റ, ബൈ ബൈ, സീ യൂ" എന്ന് സന്തോഷത്തോടെ പറയുകയും ചെയ്യും. ആ ദൃശ്യം ഞങ്ങളിലെല്ലാം സന്തോഷം വിതറിയിരുന്നു.

ഉയിർപ്പ് ദിനത്തിന് ശേഷം ആ വാക്കുകളിൽ വ്യത്യസ്തമായ ഒരു അർത്ഥമാണ് ഞാൻ കാണുന്നത്. ക്രിസ്തുവും അവന്റെ ശിഷ്യന്മാരോട് ഇതേ രീതിയിലുള്ള ഒരു യാത്രാമൊഴിയാണല്ലോ ചൊല്ലിയത്. അന്തിമമായൊരു യാത്രാമൊഴിയല്ല ക്രിസ്തു നൽകിയത്. എന്തൊരു സന്തോഷകരമായ, ആശ്വസിപ്പിക്കുന്ന പ്രത്യാശാജനകമായ ചിന്ത!

യോഹന്നാന്റെ സുവിശേഷം 13-ാമദ്ധ്യായത്തിൽ പത്രോസ് ക്രിസ്തുവിനോട് "കർത്താവേ നീ എവിടെ പോകുന്നു" എന്ന് ചോദിച്ചതിന് ക്രിസ്തു മറുപടി പറഞ്ഞത് "ഞാൻ പോകുന്ന ഇടത്തേക്ക് നിനക്ക് ഇപ്പോൾ എന്നെ അനുഗമിപ്പാൻ കഴിയുകയില്ല. പിന്നത്തേതിൽ നീ എന്നെ അനുഗമിക്കും" എന്നാണ്. യോഹന്നാൻ 14-ൽ അവൻ ശിഷ്യന്മാരോട് പറയുന്നത്. "ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്ത് കൊള്ളും" എന്നാണ്. അപ്പോസ്തല പ്രവൃത്തികൾ 1:11-ൽ വെള്ളവസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ ശിഷ്യന്മാരോട്, "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" എന്ന് പറയുന്നു. എന്തൊരു സന്തോഷകരമായ വാഗ്ദാനം.

മറ്റൊരു മതവും ഇത്തരമൊരു വാഗ്ദാനം നൽകുന്നില്ല. പക്ഷേ വാഗ്ദാനം ചെയ്യപ്പെട്ട സുന്ദരനിമിഷങ്ങൾ സ്വപ്നം കണ്ട് അലസന്മാരായിക്കഴിയുകയല്ല നാം ചെയ്യേണ്ടത്.

നമുക്ക് വളരെ കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ട്. ഈ സുവിശേഷം കേട്ടിട്ടില്ലാത്തവരെ അറിയിക്കേണ്ട ചുമതല നമുക്കാണ്. ക്രിസ്തുവിനെ പൂർണ്ണമായി സ്വീകരിച്ചുകൊണ്ട് അവന്റെ വഴികളിൽ ജീവിച്ചു തന്നെ നമ്മെത്തന്നെയും മറ്റുള്ളവരെയും നാം വാഗ്ദത്ത നാട്ടിനായി ഒരുക്കണം. സുവിശേഷം പ്രസംഗിക്കുന്നതും ക്രിസ്തുവിനായി ഒരുങ്ങിയിരിക്കുന്നതും വ്യത്യസ്തങ്ങളായ കാര്യങ്ങളാണ്.

ഡി.എൽ.മൂഡി, നരകത്തിലെ ജനസംഖ്യയിൽ ഒരു ദശലക്ഷം പേരുടെ കുറവിന് കാരണമായിട്ടുണ്ടെന്നാണ് പറയുന്നത്. കുരിശിന്റെ അന്ത്യം ശവക്കല്ലറയല്ല, കിരീടമാണ്.. അതിനായി ഒരുങ്ങുക. അവൻ വീണ്ടും വരും.

**മിസിസ് കെ.ജി**

# Easter Meditation

**Prof.J.Ross Chandran**

St. Mark 16:7. But go your way, tell his disciples and Peter that he goeth before you into Galilee: there shall ye see him, as he said unto you.

St. John 21:24. This is the disciple which testifieth of these things, and wrote these things: and we know that his testimony is true.

The Easter truth was eternally recorded when Mary announced to the frightened disciples “I have seen the Lord”. Easter is remembered by the whole world in that Sunday has come to be observed as the Sabbath day instead of Saturday, the last day of the week. This shows the importance that the world had to give to the unique event of Christ’s resurrection.

Yet we remember the events of Easter only during the Passion Week. The rest of the year we follow a different routine for each day. Monday begins our mundane work and it continues every following day. Sunday finds us in Church and this goes on again and again.

God has willed that we should see another Easter day. While thanking God for this blessing, it would be good to spend some time in some meaningful spiritual thinking. To help us in this exercise, let us read the two verses quoted at the beginning.

Mary Magdalene and the other woman were the first to come to the tomb on that first day of the week. Let us not forget that they were the last to leave the crucified Christ. The first witness to the resurrection event is required by the angel to tell Peter in particular that the Lord has risen. Why Peter in particular? This was to encourage Peter who had denied Jesus.

It will be useful to think of four characters who had much to do in the events preceeding and following Easter.

The first in our thought is Judas. He was a sinner. He was unfit to be saved. He was fit only to go wrong and there was no chance for him to get to Jesus. He wanted Jesus to act as he willed and was unwilling to be reformed by Jesus. A condemned thief could go to paradise but not Judas.

There is a beautiful picture depicting Judas after his betrayal of his Master. The carpenters and the soldiers who had made the Cross meant for Jesus are having their sound sleep. Judas comes there. His face shows his despair and then instead of a change of heart he holds the bag of silver to his heart closer and tighter and disappears into the darkness. Judas was unfit to have any claim to the first Easter

experience. He wilfully chose the path of ruin and self destruction.

Mary Magdalene comes next in our thought. She had come that morning to honour the dead body of Jesus. She had no idea, no hope that Jesus would rise from the grave. Her request to Jesus, whom she mistakes as the gardener is to tell her where he has hidden the body of her master. What a surprise awaits her! The Lord reveals himself to Mary and she is transformed. Mary, the once socially condemned woman, now becomes the most blessed of all women. She was once a sinner. But she was willing to be saved. She had the full measure of the Easter experience.

The next to stir our thought is Peter. Peter was the foremost of the disciples. He was first in everything. He was the first to fight for Jesus with a sword. He was also the first to deny Jesus. Then again, he was the first to tell the disciples, as we read in St. John 21:3, “I go a-fishing”. Their reply, “We also go with thee”. As we read further we are told that Jesus came to them. It was revealed that they could catch no fish even though they toiled all night. Without Christ they were now fit neither to catch fish nor to catch men. But with Jesus in their midst again they could get a miraculous catch. We also learn that Jesus had kept ready for them their breakfast of bread and fish.

The questioning of Peter by Jesus follows. When the question “Do you love me?” is repeated again and again, Peter breaks down and the best in him is filtered out. Jesus commissions him to tend his sheep. The transformation of Peter is another miracle.

In the pages of history we find Peter in Rome. He meets his old enemy Simon the magician. He exposes the evil man. But Simon’s followers want to kill Peter. Peter had converted the four mistresses of the Governor, Agrippa. They changed their way of life under Peter’s influence. Xanthippe, the wife of Albinus, the favourite of the emperor, took to a life of chastity. Agrippa and Albinus were enraged. Peter’s life was in danger. He was prevailed upon by friends to flee from Rome which he did. On the way he met Jesus coming to Rome with the Cross. On being questioned by the shocked and surprised Peter, Jesus told him that he was going to Rome to be crucified in the place of Peter. This was a vision. Result? Peter felt ashamed and returned to Rome.

To mentally torture Peter, his wife was crucified while he was made to watch the crucifixion. Peter encouraged her by saying repeatedly “Remember the Lord”. When Peter’s turn came he asked to be crucified upside down since he did not want to be equal to his master in being crucified the usual way.

Finally, we come to John. John was a man of violent temper. He was called the son of thunder. When the people of Samaria blocked Jesus’

way, he wanted them to be destroyed with fire from heaven.

When a man was casting out devils, he prevented him since the man was not a follower of Chirst.

Under the resurrection influence he became the apostle of Love. His greatest gift was that he lived to witness for Christ for many long years. He was the longest lived of the disciples and the only one to die a natural death in very ripe old age. He had powers to survive persecution. Boiling oil, fire, poison, nothing could kill him. He was purified through experience and became the Beloved of Jesus. His final teaching was, “Children love one another”.

John’s greatest contribution is his verse, John 3:16. “For God so loved the world that he gave his only begotten Son that whosoever believeth in him should not perish, but have everlasting life.” This wonderful verse is rightly called “the little Bible”.

There is a very touching story. During the I[st] World War an English soldier by name Bert lay dying in the trench. Enemy shells had downed him. While life still lingered in his bleeding body, he was appealing to his friend to show him the way to heaven. The friend, Tim, too was wounded. Yet he crawled from trench to trench, braving the relentless enemy firing to find an answer for his dying friend. At last a machine gunner showed him from his pocket New Testament, the thickly underlined verse, John 3:16. Tim returned to Bert with the New Testament and showed him the verse. Bert read it again and again and died with the words “I am going to Heaven.”

Let the Easter experience transform our lives and make them a fit offering to our Lord and Saviour, Jesus Christ.

*

**The first Easter - the sequence of events**

1. A group of women go to the tomb early on the first day of the week to embalm the body of Jesus (Mark 16:1-2)
2. They discover that the stone has been rolled back (Mark 16:3-4)
3. The body of Jesus is no longer in the tomb; instead they see an angel who explains the situation and gives them a message (Mark 16:5-7)
4. The women run back to Jerusalem to tell the other disciples, and are greeted in the main with disbelief (Luke 24:8-11,22-23)
5. Peter and the ‘other disciple whom Jesus loved’ go to the tomb and find it empty; they then return home (John 20:3-10)
6. Mary Magdalene follows them back to the tomb, and remains there after they have left. Jesus then makes his first appearance, to her (John 20:11-18)
7. On the same day he appears to Peter (Luke 24:34), to the two going to Emmaus (Luke 24:13-32), and then to the rest of the disciples, except Thomas, back in Jerusalem (Luke 24:36-43).

**Rev. Canon David Wheaton**

ആൽബർട്ട് ലിവിംഗ്സ്റ്റൺ

# "യേശുക്രിസ്തുയിർത്തു ജീവിക്കുന്നു"

## (ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ 495)

### ബ്രദർ.എം.ഇ.ചെറിയാൻ 1917–19

മലയാളത്തിലും തമിഴിലുമായി ഇരുനൂറിലധികം ക്രൈസ്തവഭക്തിഗാനങ്ങൾ രചിച്ചിട്ടുള്ള ബ്രദർ.എം.ഇ.ചെറിയാൻ, യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെ ശക്തമായി സാക്ഷിക്കുന്ന ഒരു ഗീതമാണിത്. ഇന്നും ജീവിക്കുന്നുവെന്നും ഇനി രാജാധിരാജാവായി വീണ്ടും വരും എന്നും ശക്തമായി ഈ ഗാനത്തിൽ കൂടി പ്രഘോഷിക്കുന്നു.

"യേശുക്രിസ്തുയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണീടുവാൻ,
ഹാ! ഹല്ലേലൂയ, ജയം ഹല്ലേലൂയ
യേശു കർത്താവ് ജീവിക്കുന്നു."

1917, സെപ്തംബർ 17ന് കുമ്പനാട് കുറിയന്നൂരിൽ ജനിച്ച ചെറിയാൻ മാതാപിതാക്കളാൽ ദൈവവേലയ്ക്കായി പ്രത്യേകം സമർപ്പിച്ച പൈതലായിരുന്നു. കാരണം ചെറിയാന്റെ കൂടെപ്പിറപ്പുകളായിരുന്ന മൂന്നു സഹോദരങ്ങളും ഒരേ രോഗം പിടിപെട്ട് ശൈശവത്തിൽത്തന്നെ മരിച്ചു പോയിരുന്നു. ചെറിയാൻ തന്റെ ഒമ്പതാം വയസ്സിൽ ഒരു കൺവെൻഷനിൽ യേശു തന്റെ സ്വന്തം രക്ഷകനായി സ്വീകരിച്ച് രക്ഷയുടെ അനുഭവത്തിലായി. മലയാളം ഹയർ പരീക്ഷയും ടീച്ചേഴ്സ് ട്രെയിനിംഗും പാസ്സായി 21–ാം വയസ്സിൽ ഒരദ്ധ്യാപകനായി. 5 വർഷങ്ങൾക്ക് ശേഷം അദ്ധ്യാപക ജോലി ഉപേക്ഷിച്ച് പൂർണ്ണസമയ സുവിശേഷവേലയ്ക്കായി ബ്രദറൺ സഭയുടെ ആദ്യ മിഷണറിയായി മധുരയിൽ പോയി.

സുവിശേഷ വേലയിൽ ചെറിയാന് അനേകം തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം ജീവിക്കുന്ന യേശുവിൽ ആശ്രയം കണ്ടെത്തിയിരുന്ന കർത്തൃദാസൻ അനുഭവങ്ങളിൽ നിന്ന് രചിച്ചവയാണ് മിക്ക ഗാനങ്ങളും. 1984–ൽ തന്റെ പ്രിയതമ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടപ്പോഴും, കൂട്ടുവേലക്കാരിൽ നിന്നും അപ്രതീക്ഷിതാനുഭവങ്ങൾ ഉണ്ടായപ്പോഴും ജീവിക്കുന്ന കർത്താവിലുള്ള വിശ്വാസം എല്ലാ വെല്ലുവിളികളെയും നേരിടാൻ സഹായകമായി. ഇതു തന്റെ ഗാനവരികളിൽ പ്രതിഫലിക്കുന്നു.

"എന്നേശു ജീവിക്കുന്നായതിനാൽ
ഞാനുമെന്നേക്കും ജീവിക്കയാം – ഇനി
തന്നെ പിരിഞ്ഞൊരു ജീവിതമില്ലെനി

ക്കെല്ലാമെന്നേശുവത്രെ" എന്നു പാടുന്ന കവി ഈ ലോകവാസം നിത്യമല്ലെന്നും നിത്യവാസം "എൻ യേശുവിൽ", വിണ്ണിൽ ചെന്നെത്തുന്ന നാളിനായി നാളുകൾ എണ്ണി പാർത്തിടുന്നു എന്നും നിശ്ചയത്തോടു കൂടിയ പ്രത്യാശ ഗാനവരികളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ചെറിയാൻ സാറിന്റെ ജീവിതാനുഭവങ്ങളിൽ നിന്നുടലെടുത്ത ഇഷ്ടഗാനങ്ങളാണ്:

"അനുഗ്രഹത്തിന്നധിപതിയെ"

"ഗീതം ഗീതം ജയ ജയ ഗീതം"

"എൻ സങ്കടങ്ങൾ സകലവും തീർന്നു പോയി"

"തുണയെനിക്കേശുവെ"

"പ്രതിഫലം തന്നീടുവാൻ യേശുരാജൻ വന്നീടുവാനധികമില്ലിനിയും നാളുകൾ നമ്മുടെ ആധികൾ തീർന്നിടുവാൻ"

ഒരു കാലഘട്ടത്തിലെ പ്രത്യാശയുണർത്തുന്ന ഗാനങ്ങളാൽ ക്രൈസ്തവലോകത്തെ ഉദ്ദീപിപ്പിച്ച ഈ ഭക്തൻ 1993-ൽ തന്റെ ശുശ്രൂഷയിൽ മുഴുകിയിരിക്കുമ്പോൾ തന്നെ ഹൃദയാഘാതം മൂലം കർത്തൃ സന്നിധിയിലേക്കു യാത്രയായി.

"ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു." 1 കൊരി. 15:20

*

# HALLOWED BE THY NAME

**Matty J. Vilasini White**

Gods name is indeed Holy in itself. This relation is beautifully clear and simple. We pray in the relation that it may be Holy among us also. We are asking God to give us the strength and faith to keep His name Holy in our hearts, in our lives and in all we do. God comes to us in his Holy word. His name is revealed to us 'To Hallow his name', It is necessary we read and believe His word. It is taught among us, it is taught in our churches and our houses, in all its divine truth and in all its Holy purity. Every time we study our Bible, we are doing one of the greatest things on earth. We are hallowing the name of him to whom we owe everything.

When by the mercy of God we do good to others, when we resist temptation and overcome evil, when we carry our faith and hope into the world we are hallowing his name. His name is glorified whence and wherever people see a Christian live in obedience to the will of God. His name is Hallowed. The very smallest things we do, if they are done in his name, keep it Holy among us. In the beginning of the Holy week, He had only one thought 'Father Glorify thy name'. He knew that His suffering and death would Hallow God's name. It would give us the marvelous power to pray all the days of our lives. 'Hallowed be thy name'.

*

Thine be the glory, risen, conquering Son,
Endless is the victory thou o'er death hast won!

Lo, Jesus meets us, risen from the tomb!
Lovingly he greets us, scatters fear and gloom.

No more we doubt thee, glorious Prince of life;
Life is nought without thee, aid us in our strife;
Make us more than conquerors through thy deathless love.

- **Edmund Budry** (1854-1932)

## **Power of Faith and Patience** by Vedasiromony Justin

(self-published, 2009, 236 pp, list price Rs. 150)

Copies of the book available at the Parish Library for Rs. 100/- each.

**Reviewed by Prof. Dr. Annamma Joseph**

Vedasiromony Justin's autobiography "Power of Faith and Patience" stands apart from other works of the genre in its unique approach to theme and organization of content. It has a smooth flow for reading.

The hero of the life's drama unfolding before our eyes is not the author, as is expected in a story of one's life, but his Almighty God! Total submissiveness to Him is the persuasive hypothesis that gives meaning to the history of the self. The life depicted is dynamic and crowded, of a person with wide interests and a lot of initiative. Yet, it is God who oversees every success and every failure, every surprise and every crisis, and has made the author a blessing to others.

The author's unique approach to time defines the style of his work. There is a total disregard to its linear chronological movement, as he jots down in the form of anecdotes, interesting encounters, etc., with the kind, the cultured and the unscrupulous – during childhood, college days, as a government official, as a pioneering photographer, as a husband, father, grand father, friend, a social worker and as a member of national and international organizations.

His wide circle of friends extending beyond the borders of his land proves his ability to recognize worth where it exists. There are also moments when he shocks us with scathing criticism where values break down. In the notes on several organizations like the YMCA, Y's Men International, Red Cross, Scouts and others, in the quotes from the great thinkers and the lines of verse written by the author himself, as well as in the pieces of advice strewn throughout, one detects the zeal of a social reformer.

The continous reference to the Bible adds another dimension to the meaning of each incident and observation. It almost makes the work an interpretation of the Bible using human experience and not human language. There is also a whole chapter dedicated to the author's understanding of the Holy Bible, which includes an interpretation of how migrations have distributed the descendents of Noah throughout the civilized world of today.*

On the whole, this fearless attempt at self revelation justifies the author's contention that the thinking

* See Note at the end.

and the doing of a life time of faith, patience and perseverance must necessarily be recorded in language so that they do not disappear with the man, but benefit others as far as possible. It is a good book for today's youth to read.

(***Note**: Chapter 16 of the book, entitled 'The Holy Bible, as I understand, and believe' is dominated by an eccentric teaching that scholars call British Israelitism. The main views of this fringe group are that the Jews are merely one tribe, the tribe of Judah, and the 10 tribes of Israel which went into exile finally ended up as the Anglo-Saxon race, who are the true Israel. During the time of Jeremiah, the daughters of the last king of Israel took refuge in Ireland and their descendants became the royal family of England. Obviously therefore, Old Testament prophecies about Israel are applied to the British empire, and by extension to America! The *Evangelical Dictionary of Theology* writes: "A careful examination of the texts used by British Israelites to support their arguments shows that they flout the rules of biblical exegesis…The historical arguments of British Israelites are equally tenuous and no reputable historian supports them. Although the Bible does not explicitly state the fact, it is clear that the so-called lost tribes of Israel were largely absorbed into the tribe of Judah." British Israelitism was popularized in this century by Herbert W. Armstrong who in 1947 founded the Worldwide Church of God ("This American version of British Israelitism has major defects in several doctrines and is classed by most scholars as a cult" – New International Dictionary of the Christian Church, p.228). The author of *Power of Faith and Patience* acknowledges that he relied on their magazine, the Plain Truth and the writings of Armstrong. Which is a pity, since it mars an otherwise excellent autobiography, written in Justin uncle's inimitable style. By all means read the book, but take chapter 16 with a big pinch of salt! – MKE) *


## KANJIRAMPARA CHURCH

(A project of M.M. Church)

- ❖ Started on 1-5-2008 with 5 families.
- ❖ Grown up to 32 families now.
- ❖ Worship is now in a purchased tiled house on 8.5 cents of land.
- ❖ Sunday Service, Women's Fellowship, Sunday School, house visit etc.
- ❖ **Urgent Need:** Change the dilapidated roof (the estimate is Rs. 1.5 lakhs) Donations can be remitted at our church office.

**KINDLY CONTRIBUTE GENEROUSLY**

M.M. Church Committee

ഡോ. (മിസ്സിസ്) ശാന്താ യേശുദാസ്

# ആയുഷ്മാൻ ഭവ:

### ഏപ്രിൽ 7 – ലോകാരോഗ്യദിനം

ആരോഗ്യം എന്ന വാക്കിന് ലോകാ രോഗ്യസംഘടന നൽകിയിരിക്കുന്ന നിർവ്വചനം ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ സുഖകരമായ അവസ്ഥ എന്നാണ്. അതിനാൽ "ആരോഗ്യമുള്ളവന് ആശ യുണ്ട്, ആശയുള്ളവന് എല്ലാം ഉണ്ട്" എന്ന പേർഷ്യൻ പഴമൊഴിക്ക് ഇന്ന് വളരെയേറെ പ്രസക്തിയുണ്ട്.

ദൈനംദിന ജീവിതത്തിൽ ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കി വാർദ്ധക്യത്തെ അകറ്റി നിർത്തി "ഇത്തിരികൂടി ചെറുപ്പമാ യിരിക്കാൻ" ആർക്കാണ് മോഹമില്ലാ ത്തത്? പ്രായം നാൽപ്പത് കഴിഞ്ഞ് അൻപ തിനോടടുക്കുമ്പോൾ ജീവിതം തീർന്നു പോകുന്നതു പോലെ നമുക്ക് തോന്നാ റുണ്ട്; പ്രായത്തെ മറച്ചു വയക്കുന്നതിന് പല സൂത്രപ്പണികളും നാം കാട്ടുകയും ചെയ്യാറുണ്ട്.

### മലയാളിയുടെ പത്ത് ആരോഗ്യപ്രശ്ന ങ്ങൾ

വൈദ്യശാസ്ത്രരംഗത്തെ പ്രമുഖഗ വേഷകർ നടത്തിയ പഠനങ്ങൾ വിരൽ ചൂണ്ടുന്നത് അമിതഭാരം, പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗവും പക്ഷാ ഘാതവും, കാൻസർ രോഗങ്ങൾ, പുകയി ലയും മദ്യപാനവും സംഭാവന ചെയ്യുന്ന രോഗങ്ങൾ, ആസ്മയും പരിസ്ഥിതി പ്രശ് നങ്ങളും നിമിത്തം ഉണ്ടാകുന്ന രോഗ ങ്ങൾ, അസ്ഥിരോഗങ്ങൾ, വിഷാദരോ ഗങ്ങളും ആത്മഹത്യാപ്രവണതയും, റോഡപകടങ്ങൾ എന്നിങ്ങനെ പത്ത് ആരോഗ്യപ്രശ്നങ്ങളിലേയ്ക്കാണ്. ഇവയ്ക്കു പുറമേ വർഷംതോറും താണ്ഡ വമാടുന്ന സാംക്രമിക രോഗങ്ങൾ (ഉദാഹ രണമായി ചിക്കുൻഗുനിയ, പലതരം വൈറൽപനികൾ എന്നിവ) നമുക്ക് ഭീഷണി ഉയർത്താറുണ്ട്.

### മനുഷ്യജീവിതം – 5 രംഗങ്ങൾ ഉള്ള നാടകം

നമ്മുടെ ജീവിതം മൂന്ന് വയസ്സുവരെ നിഷ്ക്കളങ്കതയുടെ കാലഘട്ടവും, മൂന്നു വയസ്സു മുതൽ പതിനാറു വയസ്സുവരെ സ്കൂൾ വിദ്യാഭ്യാസത്തിനു ചെലവഴി ക്കുന്ന കാലഘട്ടവുമാണ്. പതിനാറു വയ സ്സു മുതൽ മുപ്പതു വയസ്സു വരെ പരീക്ഷ ണങ്ങളുടെ കാലഘട്ടവും മുപ്പതു വയസ്സു മുതൽ അൻപത്തഞ്ചു വയസ്സു വരെ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടുന്നതിന് ചെലവഴിക്കപ്പെടുന്ന പ്രായോഗികതയുടെ കാലഘട്ടവുമായി രിക്കും. അൻപത്തഞ്ചു വയസ്സിനു ശേഷം നമ്മുടെ കർമ്മഫലമനുസരിച്ച് സന്തോ ഷമോ ദു:ഖമോ ഓരോ ജീവിതത്തിലും നിറഞ്ഞു നിൽക്കും. ഈ കാലഘട്ടങ്ങ ളിൽ ആരോഗ്യപ്രശ്നങ്ങൾ പരമാവധി ഒഴിവാക്കി ജീവിതം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

### ഭക്ഷണക്രമം – ശൈശവം മുതൽ ശ്രദ്ധ വേണം

ശിശുക്കളെ കഴിയുന്നത്ര കാലം മുല യൂട്ടുക, ഒരു വയസ്സു മുതൽ അവർക്ക് വീട്ടിൽ പാകം ചെയ്തതും മുതിർന്നവർ കഴിക്കുന്നതുമായ സമീകൃതാഹാരം നൽകിത്തുടങ്ങുകയും വേണം. നാടൻ ഭക്ഷണക്രമം പരിശീലിപ്പിക്കുക. ഫാസ്റ്റ് ഫുഡ്, നിറവും മണവും കലർന്ന ബേക്കറി ഭക്ഷണം എന്നിവ പരമാവധി ഒഴിവാ

ക്കുക. ബാല്യം മുതൽ അമിതഭാരം ഉണ്ടാകാതെ ശ്രദ്ധിക്കുകയും വേണം. ആവശ്യത്തിലേറെ ഭക്ഷണം ദിവസേന പലപ്രാവശ്യം വാരിവലിച്ചു കഴിക്കുന്നതും ക്രമം തെറ്റി ഭക്ഷിക്കുന്നതും മദ്യപാനവും എല്ലാം നാം നമ്മുടെ ശരീരത്തോടു ചെയ്യുന്ന ക്രൂരതകൾ ആണ്. കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് സന്തോഷകരമായ സാഹചര്യത്തിൽ ഭക്ഷണം കഴിക്കുന്നതിനുള്ള അവസരം ഭവനത്തിൽ ഒരുക്കുകയാണ് വേണ്ടത്.

വെള്ളം കുടിക്കുന്ന കാര്യം തിരക്കിനിടയിൽ മറക്കുന്നവരാണ് നാം (പകരം കാപ്പിയും ചായയും പലപ്രാവശ്യം ഉള്ളിലാക്കുന്നു). ദിവസേന 6 ഗ്ലാസ്സ് മുതൽ 8 ഗ്ലാസ്സ് വരെ വെള്ളം കുടിച്ചാൽ മൂത്രാശയരോഗങ്ങൾ ഉൾപ്പെടെ പല രോഗങ്ങളെയും മാറ്റി നിർത്താം.

### ശുചിത്വത്തിന് പ്രാധാന്യം നൽകുക

ദിവസേന രാവിലെ കുളിക്കുക, രണ്ടു നേരം പല്ലു തേക്കുക, ഭക്ഷണത്തിന് മുൻപ് സോപ്പ് ഉപയോഗിച്ചു കൈകൾ കഴുകുക, വൃത്തിയായി വസ്ത്രധാരണം ചെയ്യുക എന്നീ കാര്യങ്ങൾ നാം കൃത്യമായി ശ്രദ്ധിക്കാറുണ്ട് എങ്കിലും പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ നാം വളരെ പിന്നിലാണ്. സ്വന്തം പറമ്പിലെ ചവറുകൾ കത്തിച്ചു കളയുക, കൊതുകുകൾക്ക് മുട്ടയിടത്തക്കരീതിയിൽ വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കാതെ ആഴ്ചയിലൊരിക്കൽ “ഡ്രൈഡേ” ആചരിക്കുക എന്നീ കാര്യങ്ങൾ നാം ഓരോരുത്തരും ശ്രദ്ധിച്ചാൽ ഇവിടെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതു തടയാം; മാലിന്യവിമുക്തകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാം.

### വ്യായാമത്തിന് സമയം കണ്ടെത്തുക

വ്യായാമം വളരെ കുറഞ്ഞിരിക്കുന്ന ആധുനികയുഗത്തിൽ യൗവ്വനകാലം മുതൽ കൃത്യമായ വ്യായാമം ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. ഏതുപ്രായത്തിലുള്ളവർക്കും കൃത്യമായി ചെയ്യാവുന്ന വ്യായാമമാണ് കൈകൾ വീശി സാമാന്യവേഗത്തിൽ ദിവസേന അര മണിക്കൂർ നടക്കുക എന്നത്. ഒരു മിനിട്ട് നടക്കുന്നതിന് 7 കലോറി ഊർജ്ജം ആവശ്യമാണ്; അര മണിക്കൂർ നടക്കുമ്പോൾ ഇപ്രകാരം 210 കലോറി ഊർജ്ജമാണ് പുറംതള്ളപ്പെടുന്നത്.

ഓഫീസിൽ ജോലി ചെയ്യുന്നവർ ലിഫ്റ്റ് ഉപയോഗിക്കാതെ പടിക്കെട്ടുകൾ കയറുന്നത് ശീലമാക്കുക. വെളുപ്പിന് ഭർത്താവിനെ വിളിച്ചുണർത്തി പ്രഭാതസവാരിക്കു വേണ്ടി നിർബ്ബന്ധിച്ചു പറഞ്ഞയയ്ക്കുകയും തങ്ങളുടെ കാര്യം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന കുടുംബിനികൾ ഓർക്കുക, യന്ത്രങ്ങൾ നിറഞ്ഞ ആധുനിക അടുക്കളയിലെ ജോലികൾ ചെയ്യുന്നതു കൊണ്ട് നിങ്ങൾക്ക് ആവശ്യമായ വ്യായാമം ലഭിക്കുകയില്ല; നിങ്ങളും ദിവസേന നടക്കാൻ അരമണിക്കൂർ സമയം കണ്ടെത്തുക.

### മദ്യപാനം, പുകവലി, ലഹരിമരുന്ന്

പിയർപ്രഷർ പോലുള്ള ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങി ഈ മൂന്ന് ഘടകങ്ങൾ ശീലമാക്കുന്നവർ ഓർക്കുക. ഇവ ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം കെടുത്തിക്കളയും, ഇവയ്ക്ക് അടിമകൾ ആയിത്തീരുന്ന യുവാക്കൾ മദ്ധ്യവയസ്സ് എത്തിച്ചേരുന്നതിന് മുമ്പ് മാരകമായ കരൾരോഗങ്ങൾ ഉൾപ്പെടെ നിരവധി രോഗങ്ങൾക്ക് കീഴടങ്ങി വളരെ നേരത്തെ ഈ ഭൂമിയിൽ നിന്ന് “സ്ഥലം കാലിയാക്കേണ്ടി” വരും.

### തിരക്കിനിടയിലും ശാന്തത കൈവരിക്കുക

ഇന്ന് എല്ലാവിധമായ സമൃദ്ധികൾക്ക് നടുവിൽ ജീവിക്കുമ്പോഴും നാം അസ്വസ്ഥരാണ്. രാവിലെ ഉണർന്നു കഴിഞ്ഞാൽ തിരക്കോട് തിരക്ക്, ഭക്ഷണം

കഴിക്കുന്നതും കുളിക്കുന്നതും ഗൃഹകാര്യങ്ങൾ നിയന്ത്രിക്കുന്നതും ജോലിസ്ഥലത്ത് എത്തുന്നതും സഹപ്രവർത്തകരോട് ഇടപെടുന്നതും തിരക്കിട്ടാണ്. ഈ തിരക്കിനും സംഘർഷത്തിനും ഇടയിൽ മാനസിക പിരിമുറുക്കം നിമിത്തം നമ്മുടെ മാംസപേശികൾ വലിഞ്ഞു മുറുകുന്നു, വാർദ്ധക്യസഹജമായ മാറ്റങ്ങൾ മുഖത്ത് പ്രത്യക്ഷപ്പെടുന്നു. (സൗന്ദര്യവർദ്ധക സാധനങ്ങൾക്ക് ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല).

വൈകുന്നേരം വീട്ടിലെത്തിയാൽ ഭാര്യയും ഭർത്താവും വ്യത്യസ്തമായ ടെൻഷനുകളിൽ ആയിരിക്കും, കുട്ടികൾ വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ സംഘർഷം അനുഭവിക്കുകയായിരിക്കും. അത്താഴസമയത്ത് ഊണുമേശ ആശയവിനിമയത്തിനുള്ള വേദിയാക്കുക, സംഘർഷങ്ങൾ പരസ്പരം പങ്കിടാം.

രാത്രിയിൽ കുടുംബപ്രാർത്ഥന കഴിഞ്ഞ് നല്ല ഉറക്കം ശീലമാക്കുക. പ്രാർത്ഥനയിലൂടെ ആത്മധൈര്യം നേടാം, ഉറക്കം മനസ്സിനെ ശാന്തമാക്കുകയും ചെയ്യും.

### മാനസികാരോഗ്യം അതിപ്രധാനം

നമ്മുടെ മക്കളും പേരക്കിടാങ്ങളും നേഴ്സറി ഗാനത്തിൽ ഇപ്രകാരം പാടാറുണ്ട് - ഒരു വൻ സാമ്രാജ്യം യുദ്ധത്തിൽ നഷ്ടമായി, കാര്യം നിസ്സാരം സേനാനായകൻ കയറിയിരുന്ന കുതിരയുടെ ലാടത്തിലെ ഒരു ആണി നഷ്ടപ്പെട്ടിരുന്നതിനാൽ കുതിര വീണു, സൈന്യം പിന്തിരിഞ്ഞ് ഓടി, യുദ്ധത്തിൽ പരാജയം സംഭവിച്ചു. നമുക്ക് നല്ല ശാരീരികാരോഗ്യം ഉണ്ടെങ്കിലും മാനസികാരോഗ്യം നഷ്ടപ്പെട്ടാൽ ആരോഗ്യപദ്ധതി എല്ലാം പൊളിഞ്ഞതു തന്നെ.

കുട്ടികൾ നല്ല മാനസികാരോഗ്യമുള്ളവരായി വളർന്നു വരുന്നതിന് ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളും അദ്ധ്യാപകരും ആണ്. പണ്ട്, മൂന്ന് നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് വിദ്യാഭ്യാസരംഗം വ്യത്യസ്തമായിരുന്നു. കൂട്ടുകാരുമൊത്ത് കൂട്ടമായി പരസ്പരം സംസാരിച്ചും പ്രശ്നങ്ങൾ പങ്കുവച്ചും ജീവിച്ച അക്കാലത്തെ കുട്ടികളിൽ മാനസികസംഘർഷം ഉണ്ടായിരുന്നില്ല; ആത്മഹത്യ കൗമാരപ്രായക്കാരിൽ കേട്ടുകേഴ്വി പോലും ഉണ്ടായിരുന്നില്ല. പൗരധർമ്മം എന്നൊരു കാര്യം അന്നത്തെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. റോഡിൽ തുപ്പരുത്, റോഡിലൂടെ നടക്കുമ്പോൾ റോഡരികിലൂടെ കഴിയുന്നത്ര ഒഴിഞ്ഞു പോകണം, റോഡു മുറിച്ചു കടക്കുമ്പോൾ ഇരുവശവും നോക്കി സൂക്ഷമതയോടു കൂടി നടക്കണം (സ്വയം സിഗ്നൽ കാണിച്ച് ആധുനിക തലമുറ നടക്കുന്നതു പോലെ അല്ല) എന്നീ കാര്യങ്ങൾ പഠിച്ച അന്നത്തെ തലമുറ ജീവിതകാലം മുഴുവൻ ഇവ അനുസരിച്ച് ഇന്നും ജീവിക്കുന്നു.

കുട്ടികൾ കളികളിലൂടെ നല്ല സൗഹൃദം വളർത്തുന്നതിന് പരിശീലിപ്പിക്കുക. ആരോഗ്യകരമായ ലൈംഗിക അറിവ് പ്രായത്തിനൊത്ത് അവർക്ക് നൽകുക. വരവിനൊത്ത ചെലവ് എന്ന ധനതത്വശാസ്ത്രത്തിലെ ആപ്തവാക്യം കുട്ടികളെ ചെറുപ്പംമുതൽ പഠിപ്പിക്കുക, ഇക്കാര്യത്തിൽ മാതാപിതാക്കൾ മാതൃക കാട്ടുക. ഇപ്രകാരം അകലങ്ങൾ ഇല്ലാത്ത ആത്മബന്ധം മാതാപിതാക്കളും മക്കളും തമ്മിൽ ഉണ്ടായിരിക്കണം.

### രോഗം വന്നാൽ സ്വയം ചികിത്സ പാടില്ല

ചികിത്സയിലെ പിശുക്ക്, സ്വയം ചികിത്സ, കുത്തിവയ്പ്പിനോടുള്ള പേടി എന്നിവയ്ക്ക് നമ്മുടെ സമൂഹം കുപ്രസിദ്ധമാണ് എന്ന സത്യം മൂന്നര പതിറ്റാണ്ടു കാലത്തോളം ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർ എന്ന നിലയിൽ ലേഖികയ്ക്ക് ധൈര്യമായി പറയാൻ കഴിയും. സ്വയം ചികിത്സയുടെ വികല

മായ മുഖവും അതു നിമിത്തം പൊലിഞ്ഞു പോയിട്ടുള്ള ഹതഭാഗ്യരായ രോഗികളെയും ഈ കാലയളവിൽ ധാരാളം കണ്ടിട്ടുണ്ട്. സ്വയം ചികിത്സകർ രോഗലക്ഷണങ്ങൾ കണ്ട് (ഉദാഹരണം മഞ്ഞപ്പിത്തം എന്ന രോഗലക്ഷണം) അവയ്ക്ക് മാത്രം ചികിത്സ ചെയ്യുന്നു, അടിസ്ഥാനകാരണത്തിൽ എത്തിച്ചേരുകയുമില്ല; പിന്നെ ദു:ഖിച്ചിട്ട് എന്തു ഫലം!! ഇക്കൂട്ടർ ഓർക്കുക, ഏതു രോഗവും (കാൻസർ ഉൾപ്പെടെ) ആദ്യഘട്ടത്തിൽ തിരിച്ചറിഞ്ഞ് ശരിയായ ചികിത്സ ഡോക്ടർമാർ നിർദ്ദേശിക്കുന്ന കാലഘട്ടം മുഴുവൻ നൽകിയാൽ പൂർണ്ണമായ രോഗശമനം സാദ്ധ്യമാണ്.

**"സാമർത്ഥ്യക്കാരിക"ളായ മുത്തശ്ശിമാരോട് ഒരു വാക്ക്**

പലരോഗങ്ങളെയും "കുളം" ആക്കുന്നതിൽ നല്ലൊരു പങ്ക് നിങ്ങൾക്ക് ഉണ്ട്. വിവിധതരം പനികൾ, ശിശുപരിപാലനം, വന്ധ്യതാചികിത്സ, ഗർഭകാല സംരക്ഷണം എന്നിവയെപ്പറ്റി നിങ്ങളുടെ പഴയ സങ്കൽപ്പങ്ങളും വിശ്വാസങ്ങളും കാലികമായി പരിഷ്ക്കരിക്കേണ്ടതാണ് (കാലത്തിനൊത്ത് കോലം മാറ്റുക). അതിനാൽ ദിവസേന രാവിലെ ബൈബിളിലെ 5 വാക്യം വായന എന്ന "ആത്മീക വ്യായാമ"ത്തോടൊപ്പം ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനു കൂടി സമയം കണ്ടെത്തുക.

**ലോകാ സമസ്താ: സുഖിനോ ഭവന്തു:**

ചുരുക്കിപ്പറഞ്ഞാൽ റിഹേഴ്സൽ ഇല്ലാത്ത നാടകമാണ് ജീവിതം. ഈ നാടകാഭിനയിത്തിനിടയിൽ ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ സുഖകരമായ അവസ്ഥ കൈവരിക്കുന്നതിന് ശ്രദ്ധിച്ചാൽ ലോകാരോഗ്യസംഘടനയുടെ ലക്ഷ്യം യാഥാർത്ഥ്യമായി തീരും.

**ആയുഷ്മാൻ ഭവ:**

*

**Poem**

# IT IS FINISHED

**Juliet Josephus**

'It is finished' so spake the Saviour,
When on the Cross He bled and died,
It is finished.It is accomplished.,
God's great Master plan to save Mankind.

For on that Cross when He bled and died,
Sin's wages cancelled, Death vanquished,
Life eternal He brought with His Blood
That I may forever dwell with Him.

It is finished.No more to be done,
'It is finished', thus He spake
Love's greatest sacrifice was performed,
Thus bridging gap between Man and God..

Glory, glory, oh what future waits
For believers in that gloryland,
God with His people ever shall dwell,
Eternally thus, to part no more.

മനോജ് കുമാർ എബനീസർ

# ഹെർമൻ ഗുണ്ടർട്ട് (1814–1893)

1815 സെപ്റ്റംബർ 26-ന്, നെപ്പോളിയന്റെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, റിഫോംഡ് സഭയുടെ (യൂറോപ്പിലെ Presbyterian സഭ) ചിലരും, കുറച്ച് ലൂതറൻ സഭക്കാരും യോജിച്ച് ജർമ്മനിയിലെ ബേസലിൽ (Basel) ഇവാഞ്ചലിക്കൽ മിഷണറി സൊസൈറ്റി ആരംഭിച്ചു. മിഷണറിമാരെ വാർത്തെടുക്കുന്ന ഒരു സെമിനാരി ആയിരുന്നു ആദ്യത്തെ പ്രവർത്തനം. 1833-ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ ചാർട്ടർ പുതുക്കപ്പെട്ടപ്പോൾ ആദ്യമായി മിഷണറി പ്രവർത്തനം ഇന്ത്യയിൽ ഔദ്യോഗികമായി അനുവദിക്കപ്പെട്ടു. ഉടൻ തന്നെ ഇന്ത്യയിൽ സുവിശേഷം എത്താത്ത ഒരു ഭാഗത്ത് മിഷണറിമാരെ അയയ്ക്കാൻ ബേസൽ മിഷൻ തീരുമാനിച്ചു. അങ്ങനെ 1834 ആഗസ്റ്റ് 21-ന് ആദ്യത്തെ മൂന്ന് മിഷണറിമാർ കോഴിക്കോട്ട് കപ്പലിറങ്ങി ഒക്ടോബർ അവസാനത്തോടു കൂടി മംഗലാപുരത്ത് എത്തി പ്രവർത്തനം തുടങ്ങി. 1838-ൽ ബേസൽ മിഷന്റെ ഭാഗമായി മലബാറിൽ എത്തിയ താണ് ഹെർമൻ ഗുണ്ടർട്ട്.

ജർമ്മനിയിലെ സ്റ്റുട്ട്ഗാർട്ടിൽ 1814 ഫെബ്രുവരി 4-ന് ഹെർമൻ ഗുണ്ടർട്ട് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം അവിടെ കഴിച്ച ശേഷം Maulbronn-ലെ സെമിനാരിയിൽ തുടർ പഠനവും 1831 മുതൽ റ്റൂബിംഗൻ സർവ്വകലാശാലയിൽ പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രത്തിൽ ഉന്നത വിദ്യാഭ്യാസവും പൂർത്തിയാക്കി. ഭാഷാപരിണാമശാസ്ത്രത്തിൽ (philology) ഡോക്ടറേറ്റ് നേടി. 1836-ൽ ഇന്ത്യയിൽ ഒരു tutor ആവുക എന്ന ഉദ്ദേശവുമായി ഇംഗ്ലണ്ട് വഴി യാത്രയായി (അന്ന് വയസ്സ് 22).

മദ്രാസിൽ കപ്പലിറങ്ങിയ ഗുണ്ടർട്ട് ചിറ്റൂരിലും തിരുനെൽവേലിയിലും താമസിച്ച് മിഷണറി പ്രവർത്തനവും തമിഴും



പഠിച്ചു. ഇതിന് തിരുനെൽവേലിയിലെ CMS മിഷണറിയായ കാൾ റീനിയസ് പ്രത്യേകം സഹായിച്ചു (ബേസലിലെ സെമിനാരിയിൽ പരിശീലനം ലഭിച്ച CMS മിഷണറിമാരിൽ ഒരാളായിരുന്നു ജർമ്മൻകാരനായ Rhenius). തമിഴിൽ ഒരു പുസ്തകവും രചിച്ചു. ഭാഷകൾ സ്വായത്തമാക്കുന്നതിന് ഒരു അസാധാരണ കഴിവ് ഗുണ്ടർട്ടിനുണ്ടായിരുന്നു. ചെറുപ്പത്തിൽ തന്നെ ഹീബ്രൂ, ഗ്രീക്ക്, ലാറ്റിൻ, ജർമ്മൻ, ഫ്രെഞ്ച്, ഇംഗ്ലീഷ് തുടങ്ങി 15-ൽപ്പരം ഭാഷകൾ സ്വായത്തമാക്കിയിരുന്നു. ഇന്ത്യയ്ക്കുള്ള കപ്പൽ യാത്രയിൽ ബംഗാളി, ഹിന്ദുസ്ഥാനി, തെലുങ്ക് എന്നിവ പഠിച്ചു എന്നറിയുമ്പോൾ ഗുണ്ടർട്ടിന് ഭാഷകളോടുള്ള താൽപ്പര്യം ഊഹിക്കാവുന്നതേയുള്ളൂ.

സ്വിറ്റ്സർലന്റിലെ ജൂലി ഡൂബ്വായെ (Dubois) ജൂലൈ 23ന് വിവാഹം ചെയ്തയുടൻ 1838-ൽ ഗുണ്ടർട്ട് ബേസൽ മിഷനിൽ ചേർന്ന് മിഷണറി പ്രവർത്തനത്തിനായി മംഗലാപുരത്തേക്ക് പുറപ്പെട്ടു. അടുത്ത വർഷം ഏപ്രിലിൽ കണ്ണൂരിലെ തലശ്ശേരി

യുടെ അടുത്ത് ഇല്ലിക്കുന്ന് എന്ന സ്ഥലത്ത് താമസിച്ച് പ്രവർത്തനം തുടങ്ങി. മംഗലാപുരത്തെ ബേസൽ മിഷൻ കേന്ദ്രത്തിന്റെ ഈ നെട്ടൂർ മിഷനാണ് ബ്രിട്ടീഷ് മലബാറിലെ അവരുടെ ആദ്യത്തെ കേന്ദ്രം. ഈസ്റ്റിന്ത്യാ കമ്പനിയുടെ തലശ്ശേരിയിലെ ഒരു ജഡ്ജിയായ Strange തന്റെ ബംഗ്ലാവ് ഈ മിഷനു വേണ്ടി നൽകി. തുടർന്ന് 20 വർഷം ഗുണ്ടർട്ട് ഇവിടെ പ്രവർത്തിച്ചു.

1839-ൽ ഗുണ്ടർട്ട് ആൺകുട്ടികളുടെ ഒരു ബോർഡിംഗ് സ്കൂളും ഭാര്യ ജൂലി പെൺകുട്ടികളുടെ ബോർഡിംഗ് സ്കൂളും നെട്ടൂരിൽ ആരംഭിച്ചു. മലബാറിലെ ആദ്യത്തെ സ്കൂളുകളായിരുന്നു ഇവ. എന്നാൽ ഗുണ്ടർട്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനം മലയാളഭാഷ കേന്ദ്രീകരിച്ചായിരുന്നു. ഭാഷ, വ്യാകരണം, ചരിത്രം എന്നിവ സംബന്ധിച്ച് മലയാളത്തിൽ ഒന്നും തന്നെ ലഭ്യമല്ലാതിരുന്നതിനാൽ നേരിട്ട് field work-ലൂടെ വിവരങ്ങൾ ശേഖരിച്ച് വന്നു.

മലയാളികൾക്ക് പഞ്ചാംഗം തങ്ങളുടെ ജീവിതം ക്രമീകരിക്കുന്ന ഒരു പ്രധാന ഉപാധിയാണെന്ന് കണ്ട് ഈ മാധ്യമത്തെ മിഷണറി പ്രവർത്തനത്തിൽ ഉപയോഗിക്കുന്നതിന് മലയാള പഞ്ചാംഗം എന്ന പ്രസിദ്ധീകരണം 1846 മുതൽ അച്ചടിച്ചു. 1845 ഒക്ടോബർ 23-ന് ഇല്ലിക്കുന്നിലേക്ക് മംഗലാപുരത്ത് നിന്നും കൊണ്ടു വന്ന hand press-ലാണ് ഇത് അച്ചടിച്ചത്. ജ്യോതിഷത്തിനും ജാതിവ്യവസ്ഥയ്ക്കുമെതിരെ ഒരു ആയുധമായിരുന്നു മലയാള പഞ്ചാംഗം. സി.എം.എസിന്റെ 1848-ലെ ജ്ഞാനനിക്ഷേപത്തിനും രണ്ട് വർഷം മുമ്പ് അച്ചടിച്ച ഈ പഞ്ചാംഗം മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ പത്രമെന്ന് പറയാം (1846 നവംബർ 1 മുതൽ 1847 ജൂലൈ വരെ മലയാള പഞ്ചാംഗം അച്ചടിക്കപ്പെട്ടു. തുടർന്ന് 1847 ജൂൺ മുതൽ 1850 ഡിസംബർ വരെ രാജ്യസമാചാരം എന്ന മറ്റൊരു പത്രം അച്ചടിച്ചു. 1847 ഒക്ടോബറിൽ പശ്ചിമോദയം എന്ന മറ്റൊരു പത്രം ആരംഭിച്ചു. ഇവ മൂന്നും ജ്ഞാനനിക്ഷേപത്തിനു മുമ്പുള്ളതാണെങ്കിലും continous publication ഉള്ളത് ഇന്നും മദ്ധ്യകേരള മഹായിടവക അച്ചടിക്കുന്ന ജ്ഞാനനിക്ഷേപമാണ്.) മലയാളത്തിൽ periodical എന്നോ പത്രം എന്നോ ഉള്ള ആശയം ഈ പ്രസിദ്ധീകരണമാണ് കൊണ്ടു വന്നത്. 1864 വരെ ഗുണ്ടർട്ടിന്റെ ബംഗ്ലാവിൽ അച്ചടിയന്ത്രം പ്രവർത്തിച്ചിരുന്നു.

ഗുണ്ടർട്ട് ശേഖരിച്ച folklore, ഐതിഹ്യങ്ങൾ തുടങ്ങിയവ സമാഹരിച്ച് 1843-ൽ മംഗലാപുരത്തെ ബേസൽ മിഷൻ പ്രസ്സിൽ അച്ചടിച്ച കേരളോത്പത്തി ആദ്യത്തെ ഇത്തരം പുസ്തകമാണ്. 1845-ൽ പഴഞ്ചൊൽമാല, 1868-ൽ ആദ്യത്തെ ചരിത്രപുസ്തകമായ കേരളപ്പഴമ എന്നിവ അച്ചടിച്ചു. 1857-ൽ ബ്രിട്ടീഷ് സർക്കാർ ഗുണ്ടർട്ടിനെ കാനറ, മലബാർ എന്നിവയുടെ സ്കൂൾ ഇൻസ്പെക്ടർ ആയി നിയമിച്ചു. 1860-ൽ മലയാളത്തിലെ ആദ്യത്തെ ആധുനിക സ്കൂൾ text book ആയ പാഠമാല അദ്ദേഹം അച്ചടിച്ചു. 1851-ൽ ആദ്യഭാഗം അച്ചടിച്ച മലയാള ഭാഷാവ്യാകരണം 1868-ൽ പൂർത്തിയായി (ഗുണ്ടർട്ട് ജർമ്മനിയിലേക്ക് മടങ്ങി പോയ ശേഷം). 1872-ലാണ് ആദ്യ നിഘണ്ടുവായ A Malayalam and English Dictionary പുറത്തിറക്കിയത്. ഇവ രണ്ടും മലയാളത്തിലെ ആദ്യത്തേതാണ്. 1870-ൽ മലയാളത്തിലെ ആദ്യത്തെ ഭൂമിശാസ്ത്രഗ്രന്ഥമായ മലയാളരാജ്യം അച്ചടിച്ചു.

CMS-ന്റെ ബെയ്‌ലിക്കു ശേഷമാണെങ്കിലും, ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം നടത്താൻ ഗുണ്ടർട്ട് ശ്രദ്ധിച്ചത് മലബാറിലെ മലയാളം തിരുവിതാംകൂർ മലയാളത്തിൽ നിന്ന് വ്യത്യസ്തമായതിനാലാണ്. 1841 മുതൽ 1845 വരെയായി അച്ചടിച്ച സത്യവേദ ഇതിഹാസം ആണ് ഇതിന്റെ ആരംഭം. ഉൽപ്പത്തി മുതൽ രാജാക്കന്മാർ വരെയുള്ള പുസ്തകങ്ങളുടെ പുനരാഖ്യാനം (നേർ വിവർത്തനമല്ല) ആയിരുന്നു ഇത്. 1854-ൽ പുതിയ നിയമം, 1857-ൽ കാവ്യപുസ്തകങ്ങൾ (പവിത്രലേഖകൾ എന്ന പേരിൽ), 1886-ൽ പ്രവാചക

ലേഖകൾ എന്നിവ അച്ചടിച്ചു. 40-ൽപ്പരം വർഷം ഗുണ്ടർട്ട് മനസ്സു വച്ച കാര്യമാണ് ബൈബിൾ വിവർത്തനം. എന്നാൽ മദ്രാസിലെ ബൈബിൾ സൊസൈറ്റി ഒരു പൊതു വിവർത്തനത്തിനായി ശ്രമിച്ചപ്പോൾ ഇത് തിരസ്കരിക്കപ്പെടുകയും 1880-ലും (പുതിയ നിയമം) 1910-ലുമായി (വേദപുസ് തകം) ഇറങ്ങിയ മലയാളം ബൈബിളിന് അടിസ്ഥാനമായി ബെയ്‌ലിയുടെ വിവർത്തനം സ്വീകരിക്കുകയുമാണുണ്ടായത്.

1859 ഏപ്രിൽ 11-ന് ആരോഗ്യപ്രശ്നങ്ങളാൽ ഗുണ്ടർട്ട് ജർമ്മനിയിലേക്ക് മടങ്ങി. സ്റ്റുട്ട്ഗാർട്ടിനു സമീപമുള്ള ചെറിയ പട്ടണമായ കാൽവ് (Calw) എന്ന സ്ഥലത്ത് കുടുംബ സ്ഥാപനമായ Calw Publishing സ്ഥാപനം തുടർന്ന് മരണം വരെ നടത്തിവന്നു. മിഷൻ പ്രവർത്തനത്തിനിടെ ലഭിച്ച ഇന്ത്യയെക്കുറിച്ചുള്ള അറിവുകൾ പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചു. 1893 ഏപ്രിൽ 25-ന് ഹെർമൻ ഗുണ്ടർട്ട് അന്തരിച്ചു.

ഗുണ്ടർട്ടിന്റെ മക്കളെല്ലാം തലശ്ശേരിയിൽ വച്ചാണ് ജനിച്ചത്. മകളായ മറീ (Marie)-യുടെ പുത്രൻ ഹെർമൻ ഹെസ്സെ പിൽക്കാലത്ത് ഭാരത തത്വശാസ്ത്രത്തിൽ ആകൃഷ്ടനാവുകയും “സിദ്ധാർത്ഥ” എന്ന പ്രസിദ്ധ നോവൽ എഴുതുകയും 1946-ൽ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം നേടുകയും ചെയ്തു.

ഇല്ലിക്കുന്നിലെ ഗുണ്ടർട്ട് ബംഗ്ലാവ് ഉത്തരകേരള മഹായിടവക രൂപീകരണത്തിനു ശേഷം നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) ആയി മാറ്റി. (പ്രിന്റിംഗ്, നെയ്ത്ത്, ക്ലോക്ക് നിർ മ്മാണം, തടിപ്പണി, ഓട് നിർമ്മാണം തുടങ്ങിയ industries മിഷൻ കേന്ദ്രങ്ങളിൽ തുടങ്ങുകയും വിശ്വാസികളെ സ്വയത്രാണത്തിലേക്ക് നയിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നവരാണ് ബേസൽ മിഷണറിമാർ എന്നതിനാൽ ഇത് ഏറ്റവും അന്വർത്ഥമായി). എന്നാൽ ഇടയ്ക്ക് മഹായിടവകയിലുണ്ടായ പ്രശ്നത്തിൽ NTTF വിഘടിച്ച് മറ്റ് ചിലരുടെ കൈയിൽ പോയത് ഒരു ദുരന്തമാണ്. തലശ്ശേരി നഗരസഭ ഗുണ്ടർട്ടിനെ ആദരിക്കാൻ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ട്.

*

# WHAT HAPPENS AFTER DEATH?

**Sin and death**

The Bible consistently links death to sin (Gen 2:17; Ps 90:7-11; Rom 5:12; Jas 1:15). Death is not natural to man but has arisen because of our rebellion against God; it is a form of God’s judgment.

**Resurrection or immortality?**

The biblical conception of the believer’s life beyond death is commonly expressed in the phrase ‘resurrection of the body (1 Cor 15:35-38), which reflects the Bible’s witness to the essential unity of man. This contrasts with the ‘immortality of the soul’, from the perspective of Platonic philosophy.

[*Note*: The concept of the immortal soul, the ‘real me’, surviving the death of this mortal and inferior or evil body which we simply discard, is a pagan Greek and Hindu concept, not a biblical one. The Bible thinks of true human existence as bodily existence. The body and the soul/spirit are a God-created unity, unnaturally separated by death, and the Christian hope is

that of the resurrection of the body. Then our soul will be 'clothed', the mortal will put on immortality (1 Cor 15:53). The soul's state after death is compared to nakedness (2 Cor 5:1-4), something unnatural and temporary, awaiting the new bodily existence - true immortality.]

**The intermediate state**

(i) In the OT the departed are viewed as possessing a disembodied state in *Sheol*, regarded as an underworld which received all the dead.

(ii) In the Gospels we have the same view (the Greek equivalent being *Hades*). But Luke 23:43 gives our Lord's confirmation of the division of the departed between Gehenna (a place of torment) and Paradise (indicating conscious felicity)

(iii) In the Epistles, the chief message is that the Christian now departs to be 'with Christ', in the conscious enjoyment of his presence (2 Cor 5:8), and that the intermediate state is not to be dreaded but eagerly anticipated (Phil 1:23).

It should further be observed that New Testament phraseology does not use 'heaven' for the abode of the righteous or 'hell' for that of the wicked until after the judgment.

[*Note*: It is because a believer departs to be 'with Christ' that Protestant Christians sing 'Safe in the arms of Jesus' and carve these words on tombs. We know that to be absent from the body is to be present with the Lord. That is why we do not pray for the peace of souls of the dead. We do not pray or inscribe 'Rest in Peace' (R.I.P.) as Roman Catholics do because they believe in purgatory, a place of purification after death, which the Bible does not teach].

**The resurrection**

According to the NT a major accompaniment of the Lord's return will be the resurrection of the dead. All who have lived upon earth will share in this mighty act of renewal.

What will it be like? First, it will be different from our present experience. Life in the new heavens and earth will be free from the limitations brought about by the fall and sin. Second, the resurrection will retain some continuity with our present existence.

[*Note*: Scripture teaches us to view our resurrection bodies as having the same nature as Jesus' resurrection body (Phil 3:21). It was recognizable, it was a spiritual body, it had new powers (John 20:19-29). More than this we cannot speculate. The resurrection is followed by the judgment and rewards or punishment.]

*Sources*: 'The Intermediate State': from *In Understanding Be Men*; other sections from Bruce Milne's *Know the Truth*, both published by IVP. Notes in parentheses are added for explanation. *

# രാജാധിരാജൻ കർത്താധികർത്തൻ

രചന, സംഗീതം : റ്റി. ജയകുമാർ ആൽഫ്രഡ്

പല്ലവി

| | | | |
|---|---|---|---|
| $s_1 . s_1$ : – .m | d : $s_1$ | $l_1 . l_1$ : – .d | $s_1$ : $s_1$ |
| രാജാ...........ധി | രാജൻ | കർത്താ.....ധി | കർത്തൻ |
| $s_1 . l_1$ : $t_1$ . d | r : s.f | m : – | – : – |
| ഉയിർത്തെഴു | ന്നേറ്റ...... | ല്ലോ.... | - - |

അനുപല്ലവി

| | | | |
|---|---|---|---|
| $s_1$ : –. $s_1$ | $l_1$. $t_1$ : d | d.r : m.s | f. m :f |
| നി......ത്യ | ജീ.....വൻ | മാ.....നുഷ | ർക്കുനൽകാൻ |
| m.m : r. d | $t_1$ : $l_1$ . $t_1$ | d :– | – : – |
| ഉയിർത്തെഴു | ന്നേറ്റ...... | ല്ലോ.... | - - |

Chorus :

| | | | |
|---|---|---|---|
| s.s : – .m | s : m. s | $d^1$.$d^1$ : – .t | l : – |
| ഹല്ലേ....ലൂ | യാ പാടാം | ഹല്ലേ.....ലൂ | യാ- |
| f. f : – .r | f : r.f | s.s : – .f | m : – |
| ഹല്ലേ....ലൂ | യാ പാടാം | ഹല്ലേ.....ലൂ | യാ- |
| $s_1$ . $l_1$ : $t_1$ .d | r. m : f. s | s . $l_1$ : $t_1$ .r | d : – |
| ഹല്ലേ....ലൂയാ | ഹല്ലേ....ലൂയാ | ഹല്ലേ.....ലൂ | യാ- |

ചരണങ്ങൾ

| | | | | |
|---|---|---|---|---|
| | m. m : m.re | m : – | f.f f.m | f :f |
| 1. | അതി...രാ..... | വിൽ- | പേത്ര യോഹ | ന്നാന്മാർ |
| 2. | മുദ്രിത.......... | മാം | ക........ല്ലതും | നീങ്ങി |
| 3. | സ്തുതിച്ചീ..... | ടാം.... | ജീവിക്കുന്ന | ക്രിസ്തുവെ |
| | $s_1$ . $l_1$ : $t_1$ . d | r. r : re.re | m: – | – : – |
| 1. | ഓടി .. വന്നു | കല്ലറയ്ക്കു | ള്ളിൽ - | - |
| 2. | ശത്രു... ക്കളും | ഓടി മറ.... | ഞ്ഞു | |
| 3. | വാഴ്ത്തീടാം തൻ | തിരുനാമ... | ത്തെ | |
| | s.s : – .m | s : s. s | r.r : m.f | m:m.m |
| 1. | വിശ്വാ....സം | പൂണ്ടവർ | സ്തുതിച്ചവർ | യേശുവെ |
| 2. | ക്രിസ്തു താൻ | ഉയിർത്ത | സന്തോഷമാം | വാർത്ത |
| 3. | സർവ്വലോക | സൃഷ്ടകൻ | തേജസ്സിൽവ - | സിക്കുന്നോൻ |
| | $s_1$ . $l_1$ : $t_1$ .f | m.d : r. $t_1$ | d : – | – : – |
| 1. | ജയ ഗീ.. തം | പാ....ടി ടു | ന്നു - - | - - - (2) -ഹല്ലേ |
| 2. | ലോകമെങ്ങും | മുഴങ്ങീടു | ന്നു - - | - - - (2)-ഹല്ലേ |
| 3. | രാജാവായി | വാ... ഴുന്ന | ......വൻ - - | - - - (2)- രാജാ |

- ഹല്ലേലൂയാ

## SEVEN STANZAS AT EASTER

**John Updike**

Make no mistake: if he rose at all
It was as His body;
If the cell's dissolution did not reverse, the molecules reknit,
the amino acids rekindle,
The Church will fall.

It was not as the flowers,
Each soft spring recurrent;
It was not as His Spirit in the mouths and fuddled eyes of the
eleven apostles;
It was as His flesh; ours.

The same hinged thumbs and toes
The same valved heart
That - pierced - died, withered, paused, and then regathered
out of enduring Might
New strength to enclose.

Let us not mock God with metaphor,
Analogy, sidestepping, transcendence,
Making of the event a parable, a sign painted in the faded
credulity of earlier ages:
Let us walk through the door.

The stone is rolled back, not papier-mache,
Not a stone in a story,
But the vast rock of materiality that in the slow grinding of
time will eclipse for each of us
The wide light of day.

And if we have an angel at the tomb,
Make it a real angel,
Weighty with Max Planck's quanta, vivid with hair, opaque in
the dawn light, robed in real linen
Spun on a definite loom.

Let us not seek to make it less monstrous,
For our own convenience, our own sense of beauty,
Lest, awakened in one unthinkable hour, we are embarrassed
by the miracle,
And crushed by remonstrance.

We live and die; Christ died and lived! **- John Stott**

# EASTER EGG

**Dr. J. Dinakarlal**

Resurrection of Jesus Christ, which Christians celebrate as Easter is no doubt a historical reality and serves as central to our faith. As predicted, Jesus won over death and rose from the dead on the third day after crucifixion. His well guarded tomb was found empty and according to the Gospel of Matthew (28:1-10) after an earthquake an angel rolled the stone of the tomb away and proclaimed his resurrection to Mary Magdalene and "another Mary" who came there to anoint the body. According to Mark Mary Magdalene, Mary, mother of James and Salome who went to anoint the body of Jesus with spices saw a youth dressed in white (16:5) and that on the morning of resurrection, Jesus first appeared to Mary Magdalene (16:9). St. Luke's Gospel speaks of the women going to the tomb seeing two angels in shining clothes( 24:4) . Gospel according to John states that when Mary looked into the tomb, two angels asked her why she was crying (20:13) and as she turned round she initially failed to recognize Jesus (20:14)

The resurrection of Christ is central to Christian faith and his victory over death is vital to Christian doctrine. The apostle Paul states in his first letter to the Corinthians: "But if there is no resurrection of the dead, then not even Christ has been raised. And if Christ has not been raised, then our preaching is futile and your faith is empty". ( 15:13-14). In short, it is Christ's triumph over death through resurrection that has made his sacrifice on the cross for the sins of humanity meaningful. Paul's letter to the Romans speaks of this: "Because if you confess with your mouth that Jesus is Lord and believe in your heart that God raised him from the dead, you will be saved" (10:9).

Though resurrection is central to Christian faith, Easter is not celebrated with as much gaiety as is the case with Christmas. Equivalents of carol singing, Christmas father visiting children with gifts, decorating houses and churches with stars, Christmas trees, hollies and the cakes that we associate with Christmas are not there for Easter. Till very recently, even Easter eggs were unknown to Indian Christian tradition. But today, not consequent to our realizing the relevance of Easter eggs, but rather due to the salesmanship of Indian bakeshops and confectioners Easter eggs have started invading the affluent homes. Indian Christians, who are even now totally oblivious of the pagan traditions and legends surrounding Easter egg, started imitating the Western practice and slowly started accepting it as part of Easter celebration.

How did Easter egg come into being? There are many stories surrounding it giving it a touch of myth. Some believe that the Easter egg became part of celebrations when Pope Gregory the Great ordered his missionaries to use old religious dates, celebrations and festivals, and absorb them into Christian rituals if needed and the Christian celebration of the Resurrection of Christ

was ideally suited to be merged with the Pagan feast of Eostre. Many of the traditions linked to this festival including that of associating the egg were adopted into the Christian festivities. According to the pagan festival of Eostre,(The very word 'easter' can etymologically be traced to the name of the Germanic goddess Ostara/Eostre ) the egg was a symbol of the rebirth of earth through Spring season. This was adopted by early Christians as a symbol of the resurrection of Christ. The oldest tradition was to use dyed or painted chicken eggs as Easter egg, but today it is substituted by chocolate eggs, or even plastic eggs filled with candies. One can see hares that take shelter in their holes in Winter, come out to the open in plenty during Spring and with a touch of folklore, children in the West believe that these eggs are often hidden, allegedly by the Easter Bunny for children to collect on Easter morning. Children who wait for Santa Claus' gifts hidden in socks on Christmas morn wait of course with same thrill and anticipation, for Easter egg on Easter morn!

Rituals, symbols, traditions and folklore should not be ignored as irrelevant so long as we can find a meaning. No doubt in this case we associate start of a new life with an egg and accept it as a symbol of grave and a new life resurrected or a promise (of salvation) renewed by breaking it. As we break the Easter egg this time, let us with gratitude and faith understand the meaning of the suffering of the Lord on the cross and the relevance of the cracking of his tomb that is quite significant for the assurance of salvation through His blood and the resurrection of Christ as the hope for all who desire salvation.

The importance of the resurrection of Christ was realized by the early church and acknowledged with enthusiasm and preached with fervour (Acts 2:31; 4:33; 17:18; 26:23). Resurrection of Christ is vital to our faith and Paul declares: "If Christ has not been raised, your faith is futile; you are still in your sins. Then those also who have fallen sleep in Christ are lost. If only for this life we have hope in Christ, we are to be pitied more than all men." But then Paul triumphantly declares, "But Christ has indeed been raised from the dead, the first fruits of those who have fallen asleep" (1 Cor. 15:14-20).

Our faith has made us realize that the resurrection of Jesus, which we celebrate as Easter, is the foundation of Christian faith. The breaking of the tomb and the resurrection affirm Jesus as the lamb of God sacrificed for the atonement of our sins and give us the hope that God will judge the world in righteousness. To those who believe in the sufferings, crucifixion and resurrection of Christ, God has assured a new birth and hope. Let the Easter egg remind us that we have to be spiritually resurrected with Jesus. ✱

*Dr. J. Dinakarlal was professor of English in Scott Christian College, Nagercoil for three decades. He was active in our CEYF in the late 60's and early 70's.*

# MEANINGFUL VACATION TOWARDS BRILLIANT VOCATION

**Christenson E. Sarasam**

The current academic year has come to a close and children are joyfully entering into a period of mid-summer vacation. It's quite true that certain examinations may overlap the coming months for some students. But, overall, for majority of children, the months: April-May will surely be holidays, far from the hustle and bustle of their busy schedules. Certainly, there is a sigh of relief from stringent tuitions: both morning and evening well punctuated as prefix and suffix to the class room hours. But, during vacation, the popular tendency is to seek pastimes of choice: to send children to their grandparental home, compulsorily make them stay there for a few days, arrange visits to attractive destinations, admit them to talent development programmes of several sorts: academic and non-academic, render training in sports and games and provide advance learning for the next class and introduce them to exciting activities: of course, the list is quite exhaustive.

As Christian parents, we need to focus on the Biblical perspective of nurturing and tutoring our children. They must be brought up in the fear of the Lord, for "Fear of the Lord is the beginning of wisdom". Inculcating Christian values is not so often easy when children are pressed with the load of class room lessons on a daily basis. The nature of future vacation is instilled in the child's mind even from the kindergarten days. They are constantly motivated towards achieving that goal (normally set by parents) by putting them through several cumbersome exercises. The taste and aptitude of the child is overlooked and almost everyone is enthused to press the child either into medical or engineering curriculum. In the whole deal, we forget the fact that God has a plan and purpose of each one and that our children should be kept in the centre of God's will to be shaped and molded by Him.

The Vacation Bible School is a wonderful arena where children are provided with Biblical inputs, inspirational lessons on heroic lives of outstanding men and women of faith, opportunity for learning heart throbbing and melodious songs and be in the company of children from different persuasions. The libertine spirit that is derived from such a lovely atmosphere is quite memorable. Through serious as well as light sessions, the focus of the curriculum is always to enable children to accept Jesus Christ as their personal Lord and Saviour and in turn inquisitively find God's will in their lives.

"Train a child in the ways of the Lord while he is young and he will never depart from it" is an admonition that is recorded in the scriptures. There are innumerous children in our generation who have willingly yielded themselves to the Master's hands in their prime years through VBS and related summer camps who are now shining as beacons of light in diverse realms of life.

**8TH DEATH ANNIVERSARY**

**25th April 2010**

*In Loving memory of*



**Prof. D. REKSHA DAS**

(Christian College, Kattakada)

*'Shine Villa', Pattom.*

*"Ever in our thoughts,*

*Though not in our midst"*

By : Mrs. Omana Reksha Das (wife)

& Children

SAFE IN THE ARMS

OF JESUS

**5th Death Anniversary**

***In very loving memory of***



**S. MOKSHAKKAN**

Fondly remembered by Wife,

Children and Family members

Mid-summer vacation offers sufficient time for personal reflection and overhauling of young lives. It is time to reset priorities, streamline them in godly ways and instill the golden virtues of love, joy, peace, patience, sacrifice and the like. This is the best opportunity to foster the habit of reading: (extra reading of a vivid variety of library books and in depth scanning of the daily newspapers). Let them be motivated to write and express their own ideas on topics of common interest. Insist the child to listen to current news and not be carried away by the unprofitable entertainments in the channels.

"If a child is taught to carry the Bible in childhood, surely, the Bible will carry him in old age". The scripture should not just be an idol or a jewel; but, it should be personalized and internalized in childhood days which will definitely sustain and stabilize everyone till the last breath. Dear young ones, in the midst of your leisure and pleasure, devote sufficient time during holidays to grapple with the ways and plans of God for your individual and personal life. Amidst academic pressure, let your hearts be saturated with the Word, let your mind be set on Him above, let your heart listen to His gentle voice, let your knees be bent before Him, let your mouth declare His glory and let your hands serve Him wholeheartedly.

*

എഡിറ്റോറിയൽ

# നമുക്ക് അനുഗ്രഹങ്ങൾ അവകാശമാക്കാം



ഇംഗ്ലണ്ടിൽ വലിയ സ്വത്തിന്റെ ഉടമയായ ഒരു പ്രഭുവുണ്ടായിരുന്നു. അദ്ദേഹത്തിന് വലിയൊരു ബംഗ്ലാവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ നിര്യാതയായി. ഒരു ചെറിയ മകൻ മാത്രം ശേഷിച്ചു. അവനെ പരിപാലിക്കുവാൻ ഒരു ആയയെ നിയമിച്ചു. അവർ സ്വന്തമകനെ പോലെ ആ കുഞ്ഞിനെ സ്നേഹിച്ചു വളർത്തി. നിർഭാഗ്യമെന്നു പറയട്ടെ അധികം താമസിയാതെ ആ കുഞ്ഞും മരിച്ചു. പ്രഭു ഏകനായി.

പ്രഭു തന്റെ മകന്റെ ഒരു ഫോട്ടോ വലിപ്പപ്പെടുത്തി ഫ്രെയിം ചെയ്തു തന്റെ സന്ദർശക മുറിയിൽ വച്ചു. അധികനാൾ കഴിയുന്നതിനു മുമ്പ് പ്രഭുവും മരിച്ചു. അവകാശികളായി ആരും ഇല്ലാതിരുന്നതിനാൽ ഗവൺമെന്റ് ആ പ്രഭുവിന്റെ കെട്ടിടവും സ്ഥലവും ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. തീയ്യതിയും നിശ്ചയിച്ചു. ആയയും ഈ വിവരം അറിഞ്ഞു. ലേലത്തിൽ സംബന്ധിപ്പാൻ ചെന്നു. അധികാരികൾ വന്നു കെട്ടിടം തുറന്നു സാധനങ്ങൾ ഒക്കെ നോക്കി. ലേലത്തിനുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്തു.

ആദ്യമായി സന്ദർശക മുറിയിലിരുന്ന പ്രഭുവിന്റെ മകന്റെ ഫോട്ടോ ലേലം ചെയ്യാൻ തീരുമാനിച്ചു. ആയ ആ കുഞ്ഞിനെ സ്നേഹിച്ചു വളർത്തിയിരുന്നതിനാൽ ആദ്യമേ ഒരു വലിയ തുകയ്ക്ക് ആ ചിത്രം ലേലത്തിൽ പിടിച്ചു. മറ്റാർക്കും അതിനോട് താൽപ്പര്യം ഉണ്ടായിരുന്നില്ല. ചിത്രം ഭിത്തിയിൽ നിന്ന് എടുത്തപ്പോൾ അതിന്റെ ഫ്രെയിമിനുള്ളിൽ എന്തോ വെച്ചിരിക്കുന്നതായി തോന്നിയതു കൊണ്ട് ഫെയ്രിം ഇളക്കി നോക്കിയപ്പോൾ ആ പ്രഭു തയ്യാറാക്കി രജിസ്റ്റർ ചെയ്തിരുന്ന വിൽപ്പത്രമായിരുന്നു അത്. ആ ഫോട്ടോ വാങ്ങുന്ന ആളിന് ആ ബംഗ്ലാവും പ്രഭുവിന്റെ സ്വത്തും അവകാശപ്പെടുത്തിയിരിക്കുന്നതായി കണ്ടു. അധികാരികൾ ലേലം നിർത്തി വെയ്ക്കയും വിൽപ്പത്ര പ്രകാരം ആയയ്ക്കു മുഴുവൻ സ്വത്തിന്റെയും അവകാശം ലഭിക്കുകയും ചെയ്തു.

നമുക്കു വേണ്ടി മരണം വരിച്ച ക്രിസ്തുവിനെ നമ്മുടെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് നമുക്ക് ദൈവത്തിന്റെ സകലവിധ സമ്പത്തിന്റെയും അവകാശികളാകാം. “സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏൽപ്പിച്ചു തന്നവൻ അവനോട് കൂടെ സകലവും നമുക്കു നൽകാതിരിക്കുമോ?” (റോമ.8:32). സകലവും നൽകുമെന്നാണ് മറുപടി. Our unknown future is secure in the hands of our All-knowing God. നമുക്ക് യേശുവിനെ സ്വീകരിച്ച് ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും അവകാശമാക്കാം.

**ആർ.സാജൻ സാംസൺ**
എഡിറ്റർ
sajansamson@hotmail.com

# Circle Prayer List

April 2010 (6:30 pm)

| | | |
|---|---|---|
| 16.04.2010<br>Tuesday | Mr. Justin Raj T<br>Mr. D.P.Balachandran<br>Mr. Lalason | Parottukonam<br>Pattom<br>Watts Lane |
| 09.04.2010<br>Friday | Mr. Anand M.N<br>Mrs. Lalitha C Haris<br>Mr. D. Selvaraj | Y.M.R<br>Nanthencode Bains Compound<br>Pattoor |
| 13.04.2010<br>Tuesday | Mr. Y. Ramsus<br>Mr. George C.D<br>Mr. N. Benson | Marappalam<br>Nanthavanam<br>Nr. General Hospital |
| 16.04.2010<br>Friday | Mr. J. Prakash Francis<br>Mr. Zaem Enoch<br>Mr. Pradeep Ghosh | Edappazhanji<br>Nanthencode Bains Compound<br>Thekkumoodu |
| 20.04.2010<br>Tuesday | Mr. Antony Johnson<br>Mr. Crompton<br>Mr. Manuel Sathya | Nanthavanam<br>Pattom<br>N.C.C. Road |
| 23.04.2010<br>Friday | Mr. P. Vinu Kumar<br>Mrs. Catherine<br>Dr. Balsalam | Sasthamangalam<br>Aniyan Lane, Ambalamukku<br>Thekkumoodu |
| 27.04.2010<br>Tuesday | Mr. Ranjith Lal Gold<br>Mr. Saju Roy<br>Mr. Moses Sam Nehemiah | Gandhi Nagar<br>'Zion', Pattom<br>Observatory Lane |
| 30.04.2010<br>Friday | Mr. C.A. Stewart Singh<br>Mr. J. Jayakumar<br>Mr. C. Selvaraj | Charachira<br>Nanthencode Bains Compound<br>Thrikkannapuram |
| 04.05.2010<br>Tuesday | Mr. Ross Nixon<br>Mr. Arther Lawrence<br>Mr. E. Jaison | Thirumala<br>Manchadivila<br>Poochadivila |
| 07.05.2010<br>Friday | Mr. N. Sajukumar<br>Mr. Shajimon K. L<br>Dr. John Thomas | Kannamoola<br>Y.M.R<br>Mangad |

Lord Jesus, risen from the dead and alive forevermore:
stand in our midst today as in the upper room;
show us your hands and your side:
speak peace to our hearts and minds;
and send us forth into the world as your witnesses;
for the glory of your name.

(A prayer by John Stott)






Grace Printers